Money Investing




# അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025- 2026

# സമഗ്ര ഗുണമേന്മ

# വിദ്യാലയ വികസന രേഖ

# സമഗ്ര ഗുണമേന്മ

# വിദ്യാലയ വികസന രേഖ

# 2025–2026

## സെന്റ് അലോഷ്യസ് ഹൈസ്കൂൾ

## എൽത്തുരുത്ത്

ദൈവത്തിന്റെ സ്വന്തം തുരുത്ത്

വിജ്ഞാനത്തിന്റെയും, വിജയത്തിന്റെയും,

വിളനിലം

# ആമുഖം

പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ച്, ഇരുപതാം നൂറ്റാണ്ടിലെ ഇതിഹാസമായി വളർന്ന്, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പ്രകാശഗോപുരമായി മാറിയ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സെന്റ്. അലോഷ്യസ് വിദ്യാലയത്തിന്റെ സ്ഥാപകനും മാർഗദർശിയുമാണ്. നൂറ്റാണ്ടുകളായി ഈ ലോകത്തിൽ കോടിക്കണക്കിന് മനുഷ്യർ ജനിക്കുകയും മരിക്കുകയും ചെയ്യുന്നു. ഇതിൽ വളരെ കുറച്ചു പേർ മാത്രമേ പിന്നീട് മനുഷ്യസ്മരണയ്ക്ക് മുന്നിലെത്തുകയുള്ളൂ. അതിൽ പലരും തിന്മയുടെ പ്രതീകങ്ങൾ ആണെങ്കിൽ, വിശുദ്ധ ചാവറയെ പോലെയുള്ള ചിലർ  നന്മയുടെ മഹത്വം കൊണ്ടാണ് ഈ ഭൂമിയിൽ മനുഷ്യ ഹൃദയങ്ങളിൽ സ്ഥാനം പിടിക്കുന്നത്. ദൈവസന്നിധിയിലും മനുഷ്യഹൃദയങ്ങളിലും ഒരുപോലെ പ്രീതി നേടിയ ഒരു മഹത് വ്യക്തിത്വമാണ് വിശുദ്ധ ചാവറയച്ചന്റേത്. മരിച്ച് ഒന്നര നൂറ്റാണ്ടിനപ്പുറവും അനേകം മനുഷ്യരുടെ മനസ്സിൽ അദ്ദേഹത്തിനു സ്ഥാനമുണ്ട്.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വിജ്ഞാന സമ്പാദനം മാത്രമല്ല, ഒരു വിദ്യാർത്ഥി ജീവിതായോധനത്തിന് അടിത്തറ പാകുന്നത് വിദ്യാഭ്യാസ കാലഘട്ടത്തിലാണ്. ഓരോ കാലഘട്ട ത്തിന്റെയും ചൈതന്യവുമായി സമരസപ്പെട്ടു പോകുന്നതിനനു- സരിച്ച് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിനു മാറ്റം സംഭവിക്കുന്നു. അപ്പോൾ നമ്മുടെ സാമൂഹിക പരിതഃസ്ഥിതിയുടെ ചട്ടക്കൂടുമായി പൊരുത്തപ്പെട്ടു പോകുന്നതല്ല നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായ-മെങ്കിൽ അതിലേർപ്പെടുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിട ത്തോളം  വിദ്യാ സമ്പാദനം അർത്ഥ  ശൂന്യമായ  ഒരു വ്യായാമമായി അധഃപതിക്കുന്നു. വിജയത്തിന്റെ വെന്നിക്കൊടി ഉയർത്തിപ്പിടിച്ച്  ക്ലേശകരമായ കടമ്പ ചാടി വരുന്ന വിദ്യാർത്ഥികൾ പോലും ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കു മുമ്പിൽ  നിസ്സഹായരാകുന്നു.

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയും അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെടുകയും ചെയ്യുക ലക്ഷ്യമാക്കുകവഴി

ആദർശങ്ങളും നന്മകളും നിറഞ്ഞ സമൂഹത്തെ നമുക്ക് നേടിയെടുക്കാം. സാധാരണ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും വികസനം പ്രാവർത്തിക മാക്കുകയും പരിസ്ഥിതിയെ സ്നേഹിക്കുകയും ചെയ്യുന്ന പുതു തലമുറ രാജ്യത്തിന് മുതൽക്കൂട്ടാണ്.

സൈദ്ധാന്തികമായ വെളിപാടല്ല പ്രായോഗികമായ വിജയമാണ് നമുക്ക് വേണ്ടത്. തൊഴിലധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ സമ്പ്രദായംനടപ്പിലാക്കുന്നതുവഴി ജനങ്ങളുടെ ആശയാഭിലാഷങ്ങളുമായും ബന്ധപ്പെടുത്താൻ കഴിയും. തങ്ങൾ ഈ സമൂഹത്തിന് ആവശ്യമായ വ്യക്തികളാണ് എന്ന് വിദ്യാർത്ഥികൾ മനസ്സിലാക്കുന്നതോടൊപ്പം തങ്ങളുടെ സമസ്തവൃത്തികളും സാമൂഹിക നന്മയെ ലക്ഷ്യമാക്കിയിട്ടുള്ളതാവണം എന്ന അവബോധം അവരിൽ നാമ്പിടുന്നു. ഈ ബോധമാണ് ആത്യന്തിക വിശകലനത്തിൽ ശരിയായ പൗരബോധം. ജനാധിപത്യ ബോധം തുടങ്ങുന്നതും ഇവിടെയാണ്. സത്യം, നീതി, നന്മ, സദാചാരം, സാൻമാർഗ്ഗികത ഇവയെല്ലാം ഉൾപ്പെടുന്ന പഠനരീതിയും പാഠ്യേതര പ്രവർത്തനങ്ങളും മികവിന്റെ വിദ്യാലയങ്ങളിൽ കൂടിയേ തീരൂ.

ചുരുക്കിപ്പറഞ്ഞാൽ പൂക്കളെയും, പൂമ്പാറ്റകളെയും മരത്തെയും പുഴവിനെയും ഭാഷയേയും ദേശത്തേയും ചുറ്റുമുള്ളവരെയും സ്നേഹിക്കുന്ന പുതുതലമുറയെ നമ്മുടെ വിദ്യാലയത്തിൽ വാർത്തെടുക്കാൻ കഴിയണം.

# സെന്റ് അലോഷ്യസ് ഹൈസ്കൂൾ

## ചരിത്രത്തിലൂടെ...

പള്ളിയോടൊപ്പം പള്ളിക്കൂടവും ആരംഭിക്കണമെന്ന് അനുശാസിച്ച വിശുദ്ധ ചാവറയച്ചന്റെ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന വിദ്യാലയമാണ് സെന്റ്. അലോഷ്യസ്. 1858 ഫെബ്രുവരി 2 ന് സി.എം.ഐ. സന്യാസ- സഭയുടെ സ്ഥാപകനായ വിശുദ്ധ ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ ഈ വിദ്യാലയത്തിന്റെ ശിലാസ്ഥാപനം നടത്തി. ജാതിപരമായ ഉച്ചനീചത്വങ്ങൾ പരിഗണിക്കാതെ നൂറ്റാണ്ടുകൾക്ക് മുമ്പ് അയിത്ത ജാതിയിൽപ്പെട്ടവർക്കും അക്ഷരലോകത്തിന്റെ ജാലകങ്ങൾ തുറന്നുകൊടുത്ത പ്രശസ്തരായ പണ്ഡിതൻമാരും ബ്രാഹ്മണശ്രേഷ്ഠരുമായിരുന്നു ഇവിടുത്തെ ഗുരുഭ്രതർ.

1889-ലാണ് സെന്റ്. അലോഷ്യസിന്റെ നാമധേയത്തിൽ ഒരു പ്രാഥമികവിദ്യാലയവും ബോർഡിങ്ങ് ഹൗസും ആരംഭിച്ചത്. തൃശ്ശൂരിലെ പ്രഥമ റസിഡൻഷ്യൽ സ്കൂൾ ആയിരുന്ന ഇവിടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി മുന്നൂറിലധികം വിദ്യാർത്ഥികൾ താമസിച്ചു പഠിച്ചിരുന്നു. ഇന്നും നൂറോളം വിദ്യാർത്ഥികൾ ഇവിടെ താമസിച്ചു പഠിക്കുന്നുണ്ട്.

1913 ൽ കൊച്ചിരാജാവ് രാമവർമ്മ തമ്പുരാൻ ഹൈസ്കൂളിനായുള്ള മൂന്നുനില കെട്ടിടത്തിന് അടിസ്ഥാന- ശിലയിട്ടു. 1933-ൽ ഹൈസ്കൂളായും 2000-ൽ ഹയർ സെക്കണ്ടറി വിദ്യാലയമായും ഉയർത്തി. മഹാരാജാവ് ശിലാസ്ഥാപനം നിർവഹിച്ച ആ കെട്ടിടം പൂർവാധികം ശോഭയോടെ ഇന്നും നിലനില്ക്കുന്നു. ജാതിവ്യവസ്ഥ നിലനിന്നിരുന്ന

കാലത്ത് സവർണരേയും അവർണരേയും ഒരുമിച്ച് മതാനുസാരമായ വിവേചന- മില്ലാതെ വിദ്യാഭ്യാസം നല്കിയ കേന്ദ്രം കൂടിയായിരുന്നു ഇത്.

കേരള ഫുട്ബോൾ ചരിത്രത്തിലെ പ്രമുഖതാരങ്ങളെ സംഭാവന ചെയ്ത ഈ കലാലയം ഏഷ്യൻ കോൺഫെഡറേഷൻ സംഘടിപ്പിക്കുന്ന വിഷൻ ഇന്ത്യ ഫുട്ബോൾ പരിശീലനത്തിനായി ഒരിക്കൽ തെരഞ്ഞെടുക്കപ്പെട്ടു. ഫുട് ബോളിന്റെ ഈറ്റില്ലമായ ഈ വിദ്യാലയത്തിലെ പൂർവ വിദ്യാർത്ഥികളായിരുന്നു പി. ആർ ആന്റണി, പി.ജെ. റാഫേൽ, സി.ഡി ഫ്രാൻസിസ്, എ.പി. ആന്റണി, കെ.വി. ജേക്കബ്ബ്, ജോസ് പി. അഗസ്റ്റിൻ, പി.എം. അശോക് കുമാർ എന്നീ അഖിലേന്ത്യാ പ്രശസ്ത ഫുട്ബോളർമാർ; കലാസാഹിത്യ ശാസ്ത്രമേഖലയിലും ഈ വിദ്യാലയം നിരവധി സംഭാവനകൾ നല്കിയിട്ടുണ്ട്. ഇതുകൂടാതെ സർക്കാർ നിർദ്ദേശത്തിനു മുമ്പു തന്നെ ഈ വിദ്യാലയത്തിൽ കാർഷിക ക്ലബ്ബ്, ഫുട്ബോൾ ക്ലബ്ബ്, സോഷ്യൽ സർവീസ് ക്ലബ്ബ് എന്നിവയുടെ സജീവ പ്രവർത്തനമുണ്ടായിരുന്നു, ഇന്നും തുടരുന്നു.

പ്രശസ്ത സംവിധായകരായ റോഷൻ ആൻഡ്രൂസ്, ഭദ്രൻ, ഗ്രാമി അവാർഡ് ജേതാവായ മനോജ് ജോർജ്, സിവിൽ സർവീസ് ജേതാവായ റംഷാദ് എന്നീ പ്രതിഭകൾക്കു പുറമെ സാഹിത്യരംഗത്ത് പ്രസിദ്ധരായ എ.എസ്. മേനോൻ, ധർമ്മരാജ് കാര്യാട്ടുകര, ജോർജ് ചിറ്റലപ്പിള്ളി, രാഷ്ട്ര പതിയുടെ മികച്ച അധ്യാപകനുള്ള അവാർഡ് നേടിയ ടി.വി. ഗോപാലൻ, നാടകനടനായ ജോസഫ് ചേറ്റുപ്പുഴ, ചിത്രകലാധ്യാപകനായ പോൾ എൽത്തുരുത്ത്, നമ്മുടെ വിദ്യാലയത്തിന്റെ പ്രധാന അധ്യാപകനായിരുന്ന അന്തപ്പൻ മാസ്റ്റർ എന്നിവർ ഇവിടുത്തെ പൂർവ വിദ്യാർത്ഥികളാണ്.

ഇന്ന് 21 ഡിവിഷനുകളിലായി 850 ഓളം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും ശ്രദ്ധിക്കുന്ന സ്കൂളിൽ ക്ലാസുകളുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കായികമേളകളിലും കലോത്സവങ്ങളിലും ശാസ്ത്രമേളകളിലും സ്കൂൾ മുൻപന്തിയിലാണ്.

2014-15 വർഷത്തിൽ നമ്മുടെ വിദ്യാലയത്തിൽപഠിച്ചിരുന്ന, അമൽ ദാസ് ഫുട്ബോൾ നാഷണൽ ടീമിൽ അംഗമായിരുന്നു. 2019 20 അധ്യയന

വർഷത്തിൽ നമ്മുടെ വിദ്യാലയത്തിൽ പഠിച്ചിരുന്ന ജോസഫ് സണ്ണി ഇപ്പോൾ നാഷണൽ ടീമിൽ അംഗമാണ്. 2019-20 അധ്യയനവർഷത്തിൽ അപ്പു എന്ന വിദ്യാർത്ഥി നാഷണൽ ടീമിൽ അംഗമാകുകയും കേരള ബ്ലാസ്റ്റേഴ്സിന് വേണ്ടി കളിക്കുകയും ചെയ്തു. 2023 24 അധ്യയനവർഷത്തിൽ ഹരികൃഷ്ണ വി ആർ ഗുസ്തി മത്സരത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടുകയും ദേശീയ മത്സരത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുകയും ചെയ്തു. ആത്മീയന്തരീക്ഷം തുളുമ്പുന്ന സ്കൂൾ ചുറ്റുപാട് ഒട്ടേറെ വൈദികരെ സംഭാവന ചെയ്തിട്ടുണ്ട്. സ്കൂളിന്റെ നവതിയാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പൂർവ്വ വിദ്യാർത്ഥി അധ്യാപകസംഗമം ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന അനേകം പൂർവവിദ്യാർത്ഥികളുടെ കൂടിച്ചേരലിന് സാക്ഷ്യം വഹിച്ചു.

അലോഷ്യസിന്റെ മക്കളായ പതിനായിരങ്ങൾ ലോകത്തിന്റെ നാനാഭാഗത്തായി ജീവിതായോധനത്തിലാണ്. ആതുരസേവനം, വ്യവസായം, കാർഷികവൃത്തി തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലകളിലുമുണ്ട് എൽത്തുരുത്തിലെ പ്രതിഭാധനർ. അവരുടെ പാദസ്പർശനമേറ്റ സെന്റ് അലോഷ്യസ് ഹൈസ്കൂളിന് ഈ വർഷം 90 തികഞ്ഞപ്പോൾ മാനേജ്മെന്റും പൂർവ്വ വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും നല്ലവരായ നാട്ടുകാരും ചേർന്ന് ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ, പൂർവ്വ വിദ്യാർത്ഥി അധ്യാപക സംഗമങ്ങൾ, പ്രതിഭാ സംഗമം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, സൗജന്യ നേത്ര പരിശോധന ക്യാമ്പ്, സ്മരണിക പ്രസിദ്ധീകരണം തുടങ്ങി വിവിധ കർമ്മപരിപാടികളോടെ പൂർവ്വാധികം ഭംഗിയായി സംഘടിപ്പിക്കപ്പെട്ടു . ചരിത്രത്തിൽ ഇടംതേടികൊണ്ട് സെന്റ് അലോഷ്യസ് വിദ്യാലയം വിവിധ മേഖലകളിൽ വിജയവുമായി ജൈത്രയാത്ര തുടരുന്നു.

**സെന്റ് അലോഷ്യസ് ഹയർ സെക്കന്ററി സ്കൂൾ എൽത്തുരുത്ത്**

**അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സെന്റ് അലോഷ്യസ് എച്ച് എസ് എസ് ,എൽതുരുത്ത് |
| വിലാസം | : സെന്റ് അലോഷ്യസ് എച്ച് എസ് എസ് എൽതുരുത്ത്, തൃശ്ശൂർ |
| ഫോൺ നമ്പർ | :0487 2360433 |
| സ്കൂൾ കോഡ് | : 22031 |
| വിദ്യാഭ്യാസ ഉപജില്ല | : തൃശ്ശൂർ വെസ്റ്റ് |
| വിദ്യാഭ്യാസ ജില്ല | : തൃശ്ശൂർ |
| റവന്യൂ ജില്ല | : തൃശ്ശൂർ |
| യു ആർ സി | : തൃശ്ശൂർ |
| കോർപ്പറേഷൻ | : തൃശ്ശൂർ |
| നിയമസഭാ മണ്ഡലം | : തൃശ്ശൂർ |
| ലോകസഭാ മണ്ഡലം | : തൃശ്ശൂർ |
| താലൂക്ക് | : തൃശ്ശൂർ |
| വില്ലേജ് | : അരണാട്ടുകര |
| സ്കൂൾ ഇമെയിൽ | :elthuruthhs@gmail.com |

**പിന്തുണ സംവിധാനങ്ങൾ**

വിദ്യാലയത്തിൽ നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി വിവിധ സർക്കാർ, വകുപ്പുകൾ, സ്ഥാപനങ്ങൾ, വിവിധ ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പിന്തുണയും സഹകരണവും പ്രതീക്ഷിക്കുന്നു. താഴെപ്പറയുന്നവ അവയിൽ പ്രധാനപ്പെട്ടതാണ്.

- പൊതുവിദ്യാഭ്യാസ വകുപ്പ്
- ബിആർസി
- പിടിഎ
- എം പി ടി എ
- ഒ എസ് എ

ഇവയ്ക്ക് പുറമേ പൊതുവിദ്യാഭ്യാസ മേഖല ഇന്ന് നേരിടുന്ന ചില പരിമിതികൾ മറികടക്കുന്നതിനായി പ്രാദേശിക ജനപ്രതിനിധികൾ, സ്കൂൾ മാനേജ്മെന്റ്, പൊതുസമൂഹം ഇവയുടെ കൂട്ടായ ചിന്തകളുടെയും അർപ്പണ മനോഭാവത്തിന്റെയും പിൻബലത്തിൽ വിദ്യാലയത്തിന് ഏറെ മുന്നേറാൻ കഴിയും. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടത് ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതുമായ കേന്ദ്രമാക്കി വിദ്യാലയത്തെ മാറ്റിയെടുക്കേണ്ടിയിരിക്കുന്നു.

## സ്ഥിതി വിവരക്കണക്കുകൾ

## വിദ്യാർത്ഥികളുടെ എണ്ണം: 879

| STANDARD | BOYS | GIRLS | TOTAL |
|---|---|---|---|
| STD V | 88 | 20 | 108 |
| STD VI | 81 | 25 | 106 |
| STD VII | 97 | 36 | 133 |
| UP TOTAL | 266 | 81 | 347 |
| STD VIII | 142 | 34 | 176 |
| STD IX | 127 | 43 | 170 |
| STD X | 144 | 42 | 186 |
| HS TOTAL | 413 | 119 | 532 |
| GRAND TOTAL | 679 | 200 | 879 |

## അധ്യാപകരുടെ സ്ഥിതിവിവര കണക്കുകൾ

## ഹൈസ്കൂൾ വിഭാഗം

ഹെഡ്മാസ്റ്റർ :ശ്രീ. ജെന്നി വർഗീസ്

മലയാളം :ശ്രീമതി. പേളി പോൾ എ.

:ശ്രീമതി. ജീന ടി വി

:ശ്രീമതി. കവിത തോമാസ് കെ.

ഇംഗ്ലീഷ് :ശ്രീ. ജോസ് മാർട്ടിൻ പി.ആർ

| | |
|---|---|
| | :ശ്രീമതി. ജിൻസി സി. പാലത്തിങ്കൽ |
| സോഷ്യൽ സയൻസ് | :ശ്രീമതി. സി മേരി ജോർജ് |
| | :ശ്രീമതി. ലിറ്റി ടി. ജോൺ |
| | :ശ്രീമതി. റിഷിമോൾ ഫ്രാൻസിസ് |
| ഹിന്ദി | :ശ്രീമതി. റെജി ജോർജ് തട്ടിൽ |
| | :ശ്രീമതി. അനശ്വര സുധാകരൻ |
| സംസ്കൃതം | :ശ്രീമതി. സ്മിത പി. കെ. |
| ഗണിതശാസ്ത്രം | :ശ്രീമതി. ഷീബ പോൾ |
| | : ഫാ. ജോസ് കൊടിയൻ |
| | :ശ്രീമതി. സിന്ധു തോമസ് |
| സയൻസ് | :ശ്രീമതി. റോസ് ജോസ് സി |
| | :ശ്രീമതി. ഫ്ലോറിയ തോമസ് |
| | :ശ്രീമതി. റിൻസി സ്റ്റീഫൻ |
| | :ശ്രീമതി. ഹാൻസി വർഗീസ് |
| | :ശ്രീമതി. സോണിയ ചാക്കോ |
| ഫിസിക്കൽ എഡ്യുക്കേഷൻ | :ശ്രീ. എബെനെസർ ജോസ് |
| ഡ്രോയിങ് | :ഫാ. അൽജോ കെ ജെ |

## യുപി വിഭാഗം

- ശ്രീമതി. ഷാലി കെ. ടി.
- ശ്രീമതി. ഗീത ഫ്രാൻസിസ്
- ശ്രീമതി. ആന്റീന എ. ഐനിക്കൽ
- ഫാ: ബിനോ ബാബു
- ശ്രീമതി. ഫിനി പോളി
- ശ്രീമതി. സെൻസി കെ ടി
- ശ്രീമതി. അഞ്ചു കെ ജെ
- ശ്രീമതി. ജിന്റി ജോർജ്
- ശ്രീമതി. ഗ്ലോറിയ ജോൺസൻ

## ചുമതലകൾ

| | |
|---|---|
| സ്റ്റാഫ് സെക്രട്ടറി | :ശ്രീമതി. റോസ് ജോസ് സി |
| എസ് എെ ടി സി | :ശ്രീമതി. റോസ് ജോസ് സി |
| ജോയിന്റ് എസ് എെ ടി സി | :ശ്രീമതി സി മേരി ജോർജ് |
| ലിറ്റിൽ കൈറ്റ്സ് | :ശ്രീമതി സോണിയ ചാക്കോ |
| | :ശ്രീമതി ഫ്ലോറിയ തോമസ് |
| എസ് പി സി | :ശ്രീ. ജോസ് മാർട്ടിൻ പി.ആർ |
| | :ശ്രീമതി റിൻസി സ്റ്റീഫൻ |
| ജെ ആർ സി | :ശ്രീമതി റിഷിമോൾ ഫ്രാൻസിസ് |
| | :ശ്രീമതി ആന്റീന എ. ഐനിക്കൽ |
| സ്കൗട്ട് | :ശ്രീമതി ജിൻസി സി. പാലത്തിങ്കൽ |
| | :ശ്രീമതി ഫിനി പോളി |
| ഗൈഡ്സ് | :ശ്രീമതി കവിത തോമാസ് കെ. |
| | :ശ്രീമതി അഞ്ചു കെ ജെ |
| | :ശ്രീമതി ജിന്റി ജോർജ് |
| പരീക്ഷകൾ | : ഫാ: ജോസ് കൊടിയൻ |

| | |
|---|---|
| | : ശ്രീമതി  റെജി ജോർജ് തട്ടിൽ |
| | : ശ്രീമതി ജിൻസി സി. പാലത്തിങ്കൽ |
| | : ശ്രീമതി ഷാലി കെ ടി |
| | : ശ്രീമതി അഞ്ജു ടി എ |
| അച്ചടക്കം | : ശ്രീ എബനേസർ  ജോസ്  & എല്ലാ സന്നദ്ധ സംഘടനാ ചുമതലയുള്ള അധ്യാപകരും |
| ലൈബ്രറി | : ഫാ: അൽജോ കെ ജെ |
| | : ശ്രീമതി   അനശ്വര സുധാകരൻ |
| കലോത്സവം | : ശ്രീമതി  ജീന ടി വി |
| | : ശ്രീമതി ജിൻസി സി പാലത്തിങ്കൽ |
| | : ശ്രീമതി സ്മിത പി കെ |
| | :ശ്രീമതി ജിന്റി ജോർജ് |
| | :ശ്രീമതി. ഗീത ഫ്രാൻസിസ് |
| | : ശ്രീമതി കവിത തോമാസ് കെ. |
| | : ശ്രീമതി   അനശ്വര സുധാകരൻ |
| | : ഫാ: അൽജോ കെ ജെ |
| | :ശ്രീ. അബിൻ സജി |
| സോഷ്യൽ സർവീസ് | : ശ്രീമതി ഫിനി പോളി |
| | : ശ്രീ വർഗീസ് ജോൺ |
| | : ഫാ: ബിനോ ബാബു |
| ആരോഗ്യം | : ശ്രീമതി ഹാൻസി വർഗീസ് |
| | : ശ്രീമതി  ഫിനി പോളി |
| ഉച്ചഭക്ഷണം | : ശ്രീമതി സ്മിത പി കെ |
| | : ശ്രീമതി സെൻസി കെ ടി |
| വിദ്യാരംഗം | : ശ്രീമതി പേളി പോൾ |
| ഇക്കോ ക്ലബ് | : ശ്രീമതി ഹാൻസി വർഗീസ് |
| | : ശ്രീമതി ഗ്ലോറിയ ജോൺസൻ |

| | |
|---|---|
| ഗേൾസ് വെൽഫേർ | : ശ്രീമതി പേളി പോൾ എ. |
| | : ശ്രീമതി ഫിനി പോളി |
| ഗാന്ധി ദർശൻ | : ശ്രീമതി റെജി ജോർജ് തട്ടിൽ |
| | : ശ്രീമതി ജിന്റി ജോർജ് |
| പാഠപുസ്തകം | : ശ്രീമതി ലിറ്റി ടി. ജോൺ |
| | : ശ്രീമതി സെൻസി കെ ടി |
| ഓൺസ്റ്റി ഷോപ്പ് | : ഫാ: അൽജോ കെ ജെ |
| SSK &CWSN | : ശ്രീമതി ആന്റീന എ. ഐനിക്കൽ |
| | : ശ്രീമതി സി മേരി ജോർജ് |
| എനർജി ക്ലബ്ബ് | : ശ്രീമതി ഹാൻസി വർഗീസ് |
| സ്കോളർഷിപ്സ് | : ശ്രീമതി റിൻസി സ്റ്റീഫൻ |
| | : ശ്രീമതി ഗീത ഫ്രാൻസിസ് |
| കൗൺസിലിങ് | : ശ്രീമതി പേളി പോൾ |
| | :ശ്രീമതി സോണിയ ചാക്കോ |
| വിനോദയാത്ര | : ശ്രീമതി റിഷിമോൾ ഫ്രാൻസിസ് |
| | : ശ്രീ. ജോസ് മാർട്ടിൻ പി.ആർ |
| | : ശ്രീ എബനേസർ ജോസ് |
| | :ശ്രീമതി. സി മേരി ജോർജ് |
| | :ശ്രീമതി. ജിൻസി സി. പാലത്തിങ്കൽ |
| | : ശ്രീ ജിൽജോ |
| സോഷ്യൽ ക്ലബ്ബ് | : ശ്രീമതി സി മേരി ജോർജ് |
| IT ക്ലബ്ബ് | : ശ്രീമതി. റോസ് ജോസ് സി |
| സയൻസ് ക്ലബ്ബ് | : ശ്രീമതി ഫ്ലോറിയ തോമസ് |
| മാത്സ് ക്ലബ് | : ശ്രീമതി. സിന്ധു തോമസ് |
| ക്വിസ് ക്ലബ്ബ് | : ഫാ: അൽജോ കെ ജെ |
| | : ശ്രീമതി. ജിന്റി ജോർജ് |
| എസ് ആർ ജി കൺവീനർ | : ശ്രീമതി. സി മേരി ജോർജ് |
| | : ശ്രീമതി. ആന്റീന എ. ഐനിക്കൽ |
| എൻ എം എം എസ് | : ശ്രീമതി ഹാൻസി വർഗീസ് |
| യൂ എസ് എസ് | : ഫാ: ബിനോ ബാബു |
| | : ശ്രീമതി. സെൻസി കെ ടി |

ഫിലിം ക്ലബ്ബ് : ശ്രീ. ജോസ് മാർട്ടിൻ പി.ആർ

: ഫാ: അൽജോ കെ ജെ

## സബ്ജക്ട് കൗൺസിൽ ഹെഡ്

| സബ്ജക്ട് | എച്ച് എസ് | യു പി |
|---|---|---|
| മലയാളം | ശ്രീമതി കവിത തോമാസ് കെ. | ശ്രീമതി. ഗീത ഫ്രാൻസിസ് |
| ഇംഗ്ലീഷ് | ശ്രീമതി ജിൻസി സി പാലത്തിങ്കൽ | ശ്രീമതി. ജിന്റി ജോർജ് |
| ഹിന്ദി | ശ്രീമതി. റെജി ജോർജ് തട്ടിൽ | ശ്രീമതി. ആന്റീന എ. ഐനിക്കൽ |
| സോഷ്യൽ സയൻസ് | ശ്രീമതി റിഷിമോൾ ഫ്രാൻസിസ് | ശ്രീമതി. അഞ്ചു കെ ജെ |
| ഫിസിക്കൽ സയൻസ് | ശ്രീമതി സോണിയ ചാക്കോ | ശ്രീമതി ഫിനി പോളി |
| നാച്ചുറൽ സയൻസ് | ശ്രീമതി ഹാൻസി വർ ഗീസ് | ശ്രീമതി ഗ്ലോറിയ ജോൺസൻ |
| മാത്തമാറ്റിക്സ് | ശ്രീമതി. സിന്ധു തോമസ് | ശ്രീമതി. സെൻസി കെ ടി |
| IT | ശ്രീമതി. റോസ് ജോസ് സി | ശ്രീമതി. ആന്റീന എ. ഐനിക്കൽ |
| ഫിസിക്കൽ എഡ്യൂക്കേഷൻ | ശ്രീ. എബെനെസർ ജോസ് | ശ്രീ. എബെനെസർ ജോസ് |

# സമഗ്ര ഗുണമേന്മ

- വിദ്യാലയ വികസന രൂപരേഖ.
- വിദ്യാലയത്തിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ.
- വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ.
- ആകർഷകമായ വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- ഗുണമേന്മ വിദ്യാഭ്യാസം ലഭ്യമാക്കൽ.
- ഐടി അധിഷ്ഠിത പഠനത്തിൽ അനുകൂല സാഹചര്യം സൃഷ്ടിക്കൽ.
- വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കൽ.
- ജൈവവൈവിധ്യ വിദ്യാലയം ഒരുക്കൽ.
- മെച്ചപ്പെട്ട കാർഷിക സംസ്കാരം വളർത്തിയെടുക്കൽ.
- വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിച്ച് സമൂഹത്തിന്റെ വിശ്വാസ്യത നേടിയെടുക്കൽ.
- "വിവേചന രഹിത വിദ്യാലയം ; അവകാശ അധിഷ്ഠിത വിദ്യാലയം" എന്ന സ്വപ്നം സാക്ഷാത്കരിക്കൽ.
- ജീവിത നൈപുണ്യ പരിശീലനം നൽകി സ്വയം പര്യാപ്തരാക്കൽ.
- സർഗാത്മക പ്രകടനങ്ങൾക്ക് അവസരം ഒരുക്കി, കഴിവുകളെ കണ്ടെത്തി പ്രതിഭകളെ വളർത്താൻ വേണ്ട സൗകര്യം ഒരുക്കൽ.
- ജനാധിപത്യ മൂല്യങ്ങളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ.
- സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തി നന്മയിലേക്ക് കൈ പിടിച്ചുയർത്തൽ.
- തെറ്റിനെ നിർഭയം ചൂണ്ടി കാണിക്കാനും പ്രതികരിക്കാനുമുള്ള ശേഷി നേടൽ.
- വിദ്യാലയത്തിലെ മാധ്യമപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കൽ.
- പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിരക്ഷ ഉറപ്പാക്കി മെച്ചപ്പെട്ട ബോധന സൗകര്യം ഉറപ്പാക്കൽ.
- പാഠ്യപദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കൽ.
- നിരന്തര വിലയിരുത്തൽ മാതൃക സൃഷ്ടിക്കൽ. അധ്യാപകരുടെ പഠന കൂട്ടായ്മ രൂപീകരിക്കൽ.

## വിദ്യാലയം മികവിന്റെ കേന്ദ്രം

അക്കാദമിക രംഗത്തു പാഠ്യേതര പ്രവർത്തനങ്ങളിലും സാമൂഹിക രംഗത്തും ഒരുപോലെ മികവ് പുലർത്തുക എന്നതായിരുന്നു ചാവറയച്ചന്റെ ദർശനം. സിഎംഐ സഭയുടെ ലക്ഷ്യവും അതുതന്നെയാണ് മാനേജ്മെന്റിനോടും സമൂഹത്തോടും വിധേയത്വമുള്ള പ്രബുദ്ധരായ അധ്യാപകരാണ് സെന്റ് അലോഷ്യസിനുള്ളത്. അതിനാൽ നൂറു ശതമാനം അർപ്പണ മനോഭാവത്തോടെയാണ് ഇവിടെ അധ്യാപകർ സേവനം ചെയ്യുന്നത്.

അർപ്പണബോധമുള്ള അധ്യാപകരും ലക്ഷ്യബോധവും ഉത്സാഹവും ഉള്ള വിദ്യാർത്ഥികളുമാണ് ഒരു വിദ്യാലയത്തെ മികവുള്ളതാക്കി തീർക്കുന്നത്. വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളായ ജെ ആർ സി, സ്കൗട്ട്, ഗൈഡ്സ്, എസ് പി സി, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയവ കുട്ടികളിൽ സേവന സന്നദ്ധതയും അർപ്പണ മനോഭാവവും ഉത്തരവാദിത്വബോധവും വർദ്ധിപ്പിക്കുന്നു.ആധുനിക സമൂഹത്തിൽ ഐ ടി സാധ്യത മുന്നിൽ കണ്ട് ചെറുപ്പത്തിലെ പരിശീലിപ്പിക്കപ്പെടുന്ന ലിറ്റിൽ കൈറ്റ്സ് ഐടി തൊഴിൽ മേഖലകളിലേക്കുള്ള വാതായനങ്ങൾ തുറന്നിടുന്നു.

ഇതിനും പുറമേ യുപി ക്ലാസിൽ നടത്തപ്പെടുന്ന സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്, ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ ഉദ്ദേശിച്ചുള്ള അബാക്കസ് ക്ലാസ്സ്, എന്നിവ കുട്ടികളിൽ ഓർമ്മശക്തി, വേഗത, കൃത്യത, ഇംഗ്ലീഷ് ഭാഷ മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യൽ എന്നിവയെ സഹായിക്കുന്നു.

**സ്കൂൾ ഡയറി**

വിദ്യാഭ്യാസ വർഷത്തിനു വേണ്ട എല്ലാ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങളുമായി, നമ്മുടെ വിദ്യാലയത്തിൽ ഒരു ഡയറി ജൂണിൽ തന്നെ വിദ്യാർത്ഥികൾക്ക് നൽകുന്നു.

മാതാപിതാക്കൾക്കുള്ള മുന്നറിയിപ്പുകളും സ്കൂൾ നിയമാവലികളും അതിലുണ്ട്. അധ്യയന വർഷത്തേക്കുള്ള പ്രവർത്തന കലണ്ടർ

ഒരു അക്കാദമിക വർഷത്തേക്കുള്ള എല്ലാ വിഷയങ്ങളുടെയും സ്കൂളിൻറെ പൊതുവായ പ്രവർത്തനങ്ങളുടെയും പദ്ധതി രൂപരേഖയാണ്.

**പ്രോഗ്രസ്സ് റിപ്പോർട്ട്**

വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരംമെച്ചപ്പെടുത്താൻ
ക്ലാസ് തല പിടിഎ സംഘടിപ്പിക്കുകയും വിദ്യാർത്ഥികളുടെ ഓരോ പരീക്ഷകളുടെയും വിലയിരുത്തൽ,താരതമ്യം ചെയ്ത് നടത്താൻ സഹായകമായ വിധത്തിൽ പ്രോഗ്രസ് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്.

**അറിവിന്റെ നിറവ്**

വിദ്യാർത്ഥികൾ അറിവിന്റെ നിറവുകളാകുന്നത് ലൈബ്രറിയിലൂടെയാണ്. നിലവിൽ പതിനായിരക്കണക്കിന് പുസ്തകങ്ങൾ ലൈബ്രറിയിൽ ഉണ്ട് അത് കുട്ടികൾക്ക് ലഭ്യമാക്കാൻ പുസ്തകവിതരണം ഭംഗിയായി നടത്തുന്നു. വായനാ ചിന്തകൾ പങ്കുവയ്ക്കുകയും ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. ഒരു ഡിജിറ്റൽ ലൈബ്രറിയിലൂടെ എല്ലാ കുട്ടികൾക്കും E- വായന സാധിക്കുമെന്നാണ് പ്രതീക്ഷ.
USS, NMSS എന്നീ മത്സരപരീക്ഷകൾക്കുവേണ്ടി നടത്തുന്ന കോച്ചിംഗ് ക്ലാസുകൾ, കരിയർ ഗൈഡൻസ്, ഓറിയന്റേഷൻ ക്ലാസ്സ കൾ വിവിധ ക്വിസ് മത്സരങ്ങൾ എന്നിവയിലൂടെ ചിട്ടയായ പരിശീലനം വഴി ഉന്നത നിലവാരത്തിലുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. പഠനത്തിൽ മികവ് പുലർത്തുന്നവർ ഉന്നത ശ്രേണിയിലുള്ള ജോലികൾ ചെയ്ത് സാമൂഹ്യ സേവനത്തിന് മാതൃകകളായി മാറട്ടെ എന്ന ഉദ്ദേശ്യമാണ് ഓരോ വിദ്യാർത്ഥിയെയും കുറിച്ച് സെന്റ് അലോഷ്യസിനുള്ളത്.

**വിദ്യാർത്ഥികളിൽ വളരേണ്ട മൂല്യബോധം**

സെന്റ് അലോഷ്യസ് വിദ്യാലയത്തിൽ നിന്നും പടിയിറങ്ങുന്ന വിദ്യാർത്ഥി സമൂഹത്തിന്റെ മുമ്പിൽ ഉത്തമ മാതൃകയായിരിക്കണം. ഇത്തരം വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിനായി സന്മാർഗ പഠന ക്ലാസുകൾ നൽകിവരുന്നു. ധാർമികതയിൽ ഊന്നിയ

മൂല്യബോധമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുകയാണ് ഇതിന്റെ ലക്ഷ്യം. സോഷ്യൽ സർവീസ് കളക്ഷൻ കുട്ടികളിൽ സഹായമനസ്കതയും സാമൂഹ്യബോധവും മിതവ്യയവും ശീലിപ്പിക്കാൻ ഏറെ സഹായിക്കുന്നു. കുട്ടികളുടെ വ്യക്തിത്വത്തെ മാനിക്കുകയും അതുവഴി അധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ നല്ല വ്യക്തിബന്ധം സ്ഥാപിക്കുന്നതിനും സന്മാർഗ പഠന ക്ലാസുകൾ സഹായിക്കുന്നു. നമ്മുടേതുപോലെ തന്നെ മറ്റുള്ളവരുടെ സ്വത്തും ജീവനും സംരക്ഷിക്കേണ്ടതാണെന്നും ജാതിമത ചിന്തകൾക്ക് അതീതമായി പ്രവർത്തിക്കേണ്ടതാണ് എന്നുമുള്ള അവബോധം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കുന്നു. പ്രകൃതി സംരക്ഷണം, ജീവജാലങ്ങളെ സംരക്ഷിക്കുക എന്നിവ കുട്ടികളിൽ ഊട്ടിയുറപ്പിക്കേണ്ട നല്ല ശീലങ്ങളായി മാറുന്നു.

**അധ്വാനത്തിന്റെ മഹത്വം**

"അന്യന് ഒരു ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ പട്ടികയിൽ ഇല്ലാതിരിക്കട്ടെ" ചാവറയച്ചൻ.

"നീ നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷിക്കുക" ബൈബിൾ

കുട്ടികളിൽ ക്രിയാത്മകമായ ശേഷി വർദ്ധിപ്പിക്കാൻ, അധ്വാനശീലം വളർത്താൻ നല്ലൊരു ജൈവ പച്ചക്കറി തോട്ടം വിദ്യാലയത്തിൽ വളർത്തുന്നു. പ്രകൃതിയുടെ കാരുണ്യം ഫലങ്ങളായും പച്ചക്കറികളായും തണലായും അനുഭവിക്കുന്ന നല്ലൊരു വിദ്യാലയ പരിസരവും അനുബന്ധ പ്രദേശവുമാണ് വിദ്യാലയത്തിന് ചുറ്റുമുള്ളത്. അതെല്ലാം മണ്ണിനോടും കൃഷിയോടുള്ള താല്പര്യം കുട്ടികളിൽ വർദ്ധിപ്പിക്കുന്നു. വിദ്യാലയത്തിനോട് ചേർന്നുള്ള പാടശേഖരവും കൃഷിപ്പണികളും അധ്വാനത്തിന്റെ വില തിരിച്ചറിയുന്നതിന് അവരെ സഹായിക്കുന്നു. അധ്വാനിക്കാതെ കിട്ടുന്ന ഒരു കാര്യവും സന്തോഷം നൽകുന്നില്ല എന്നും നമുക്ക് മനസ്സിലാകും.വിളവെടുക്കുന്ന വിഭവങ്ങൾ ഉച്ചഭക്ഷണ പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് തന്നെ ലഭ്യമാക്കുന്നു. ജന്മദിനാഘോഷത്തിന്റെ ഭാഗമായി പല വിദ്യാർത്ഥികളും ഉച്ചഭക്ഷണ പദ്ധതിയിലേക്ക് തങ്ങളുടെ ഭവനങ്ങളിൽ നിന്ന് പച്ചക്കറികൾ സംഭാവന ചെയ്യുന്നുണ്ട് എന്നുള്ളത് ഈ സന്ദർഭത്തിൽ എടുത്തു പറയേണ്ടതാണ് .

**കൈത്തൊഴിൽ പരിശീലനം**

അമ്മമാരുടെ നേതൃത്വത്തിൽ നടത്തിയ സോപ്പ് നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം എന്നിവ വിദ്യാർത്ഥികൾക്ക് കൈത്തൊഴിൽ പരിശീലനത്തിൽ പ്രാവീണ്യം നൽകുന്നു

**കലകൾ ഈശ്വരന്റെ വരദാനം**

ദൈവത്തിന്റെ വരദാനമാണ് കലകൾ. ഇവ പരിപോഷിപ്പിക്കുന്നതിലൂടെ പരോക്ഷമായി ഈശ്വരനെ സന്തോഷിപ്പിക്കുകയാണ് ചെയ്യുന്നത് നമ്മുടെ വിദ്യാലയത്തിൽ കഴിവുള്ള ധാരാളം പ്രതിഭകൾ ഉണ്ട്. അവരെ വളർത്തിയെടുക്കാൻ കലോത്സവങ്ങളും, ടാലന്റ്സ് ഡേയും, വിവിധ ദിനാചരണങ്ങളുടെ ഭാഗമായുള്ള മത്സരങ്ങളും ഏറെ സഹായിക്കുന്നു.വിദ്യാർത്ഥികളിൽ കലയോടുള്ള ആഭിമുഖ്യം വളർത്തുന്നതിന്റെ ഭാഗമായി "കലയാണ് ലഹരി "എന്ന ഒരു പ്രോഗ്രാം ഈ വർഷാരംഭത്തിൽ തന്നെ സംഘടിപ്പിക്കപ്പെട്ടു. ആർട്ടിസ്റ്റ് നന്ദൻ പിള്ള സാറാണ് ഇതിന് നേതൃത്വം നൽകിയത്.

**കായിക കേരളത്തിന്റെ കുതിപ്പ്**

ആരോഗ്യ കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒട്ടേറെ സംഭാവനകൾ നൽകിയ ചരിത്രം സ്ഥാനതലത്തിലും ഏറെ ശ്രദ്ധിക്കപ്പെട്ട കായിക താരങ്ങളെ സംഭാവന ചെയ്യാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ഇനിയും ഏറെ ശ്രദ്ധിക്കപ്പെടുന്ന കായിക പ്രതിഭകളെ വാർത്തെടുക്കും എന്ന കാര്യത്തിൽ ഒട്ടും തർക്കമില്ല. വിദഗ്ധരായ പരിശീലകരുടെ സഹായത്തോടെ ഹോക്കി, ബാസ്കറ്റ്ബോൾ, വോളിബോൾ, ക്രിക്കറ്റ്, അത്‌ലറ്റിക്സ് എന്നിവയിൽ ചിട്ടയായ പരിശീലനത്തിലൂടെ അറിയപ്പെടുന്ന കായികതാരങ്ങളെ വളർത്തിയെടുക്കുന്നു. പെൺകുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു. അങ്ങനെ കായികമേഖലയിൽ സംസ്ഥാനതലത്തിലും ദേശീയതലത്തിലും ഉന്നതസ്ഥാനം കരഗതമാക്കാൻ സെന്റ് അലോഷ്യസ് വിദ്യാലയത്തിന് സാധിക്കും.

**വിദ്യാലയത്തിന്റെ തനത് പ്രവർത്തനങ്ങൾ**

**ക്ലാസ് ലൈബ്രറി മത്സരം**

എല്ലാ ക്ലാസുകളിലും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ക്ലാസ് ലൈബ്രറി ഒരുക്കുന്നു.മികച്ച ക്ലാസ് ലൈബ്രറിക്ക് സമ്മാനങ്ങൾ നൽകുന്നു വിദ്യാർത്ഥികൾ തന്നെ പുസ്തകങ്ങൾ എത്തിക്കുകയും  പുസ്തക വായന പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

**കയ്യെഴുത്തു മാസിക**

കുട്ടികളുടെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കാൻ ക്ലാസ് തല കൈയെഴുത്തു മാസികകൾ തയ്യാറാക്കുന്നു ,പ്രകാശനം ചെയ്യുന്നു,മികച്ച മാസികയ്ക്കു സമ്മാനവും നൽകി വരുന്നു

**സ്കൂൾ അസംബ്ളി**

സ്കൂൾ അസംബ്ലിയിൽ കൂടുതൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം,മലയാളം, ഇംഗ്ലീഷ് ,ഹിന്ദി ,സംസ്കൃതം വിഷയങ്ങൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള അസംബ്ലി.

**മെന്ററിങ് സംവിധാനം**

കുട്ടികളെ നിരന്തരമായി മോണിറ്റർ ചെയ്യാനും അവർക്ക് ആവശ്യമായ കൈത്താങ്ങ് നൽകാനുംഉള്ള  സംവിധാനം, ഭവന സന്ദർശനവും ഇതിൽ പ്രയോജനപ്പെടുത്തുന്നു.

## പദ്ധതി രൂപീകരണ പ്രക്രിയ

കുട്ടികളുടെ പഠന പുരോഗതി ലക്ഷ്യം വയ്ക്കുന്നതിന്റെ ഭാഗമായി പഠനസാമഗ്രികളുടെ നിർമാണം പ്രായോഗിക അനുഭവങ്ങളിലൂടെ കുട്ടികൾക്ക് ലഭ്യമാക്കാൻ വർക്ക് ഷോപ്പുകൾ സംഘടിപ്പിച്ചു.

ജീവിതത്തിന്റെ സമസ്തമേഖലകളും അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കുട്ടികളിൽ സ്വാധീനം ചെലുത്താവുന്ന ലഹരിയുടെ ഉപയോഗത്തിനെതിരെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ എസ് പി സി, ജെ ആർ സി ,സ്കൗട്ട് & ഗൈഡ്സ് എന്നിങ്ങനെ സ്കൂളിൽ സജീവമായി പ്രവർത്തിച്ചുവരുന്ന സംഘടനകളുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ, നാടകങ്ങൾ, ഫ്ലാഷ് മോബ് തുടങ്ങി ഒട്ടേറെ പ്രവർത്തന പരിപാടികൾ തുടർച്ചയായി സംഘടിപ്പിച്ചു.

പൂർവ്വ വിദ്യാർത്ഥി സംഘടനയായ അലോസയുടെ നേതൃത്വത്തിൽ സ്കൂൾ വികസനം ലക്ഷ്യമാക്കി സ്കൂൾ ഹൈടെക് ആക്കുന്ന പ്രവർത്തനം മുന്നേറിക്കൊണ്ടിരിക്കുന്നു.

പഠനപ്രക്രിയയുടെ പരിപൂർണ്ണതയ്ക്ക് ഉപയോഗപ്പെടുത്താവുന്ന ലൈബ്രറി, ലാബ് തുടങ്ങിയവയിലേക്ക് കുട്ടികളുടെയും അധ്യാപകരുടെയും സ്പോൺസർഷിപ്പോടുകൂടിയ സംഭാവനകൾ, പുസ്തകങ്ങൾ, മറ്റു ഉപകരണങ്ങൾ എന്നിവ ലഭ്യമായി.

കുട്ടികളിലെ നൈസർഗികമായ സർഗാത്മകത പരിപോഷിപ്പിക്കുന്നതിന് വേണ്ടി സർഗ്ഗ വേള തുടർന്നുവരുന്നു. ഓരോ കുട്ടിയുടെയും സാമൂഹിക ജീവിതത്തിൽ മാനവികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനായി സോഷ്യൽ സർവീസ് ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹിക്കുന്ന വിദ്യാർത്ഥികൾക്കും കുടുംബാംഗങ്ങൾക്കും നിർധനരായ രോഗികൾക്കും വേണ്ട സഹായം നൽകാൻ ശ്രദ്ധ ചെലുത്തി വരുന്നു.

എല്ലാ കുട്ടികൾക്കും ഉയർന്ന നിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വാതിൽ പുറ പഠനങ്ങൾ, പ്രദർശനങ്ങൾ ഗ്രാമർ ക്ലാസുകൾ, അബാക്കസ് ,രാത്രി ക്ലാസ്സുകൾ ഇവ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കും പാർശ്വവൽക്കരിക്കപ്പെടുന്നവർക്കുമായി പ്രത്യേക ക്ലാസുകൾ

സംഘടിപ്പിക്കുന്നതോടൊപ്പം പിന്നോക്കം നിൽക്കുന്നവരെ കലോത്സവം, സ്പോർട്സ് മത്സരങ്ങൾ , പ്രവർത്തിപരിചയ മേള തുടങ്ങിയവയിൽ സജീവ സാന്നിധ്യം ഉറപ്പാക്കുന്നു.

തൊട്ടടുത്ത വിദ്യാലയ സമുച്ചയങ്ങളുടെ ഭാഗമായുള്ള സെന്റ് അലോഷ്യസ് കോളേജിലെ സൗകര്യങ്ങൾ പ്രത്യേകിച്ചും സയൻസ് എക്സ്പോ, കോളേജിലെ സെമിനാറുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവയിലൂടെ പഠനം അനുഭവവേദ്യവും ആസ്വാദകരവുമായ ഒന്നാക്കി മാറ്റുന്ന ഇത്തരം പ്രക്രിയ ഇവിടെ സാധ്യമാണ്.

സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ അക്ഷീണം പ്രവർത്തിക്കുന്ന എസ്എംസി, പിടിഎ , എം പി ടി എ , ഒ എസ് എ എന്നിവയുടെ പ്രവർത്തനങ്ങൾ സ്കൂളിന്റെ വികസനം ഉറപ്പുവരുത്തുന്നു.

ഉയർന്ന മൂല്യവബോധം കുട്ടികൾക്ക് പകർന്നു നൽകാൻ അഗതി മന്ദിര സന്ദർശനം, ആതുരാലയ ശുശ്രൂഷ തുടങ്ങിയ പ്രവർത്തന പരിപാടികൾ നടത്തിവരുന്നു.

പഠിതാക്കളുടെ ആരോഗ്യം, ശുചിത്വം എന്നിവ ഉറപ്പാക്കുന്നതിനായി ആരോഗ്യ വിദഗ്ധരുടെ ക്ലാസുകൾ, പ്രദർശനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നു.

ക്വിസ് ക്ലബ്, വിദ്യാരംഗം, ഗാന്ധിദർശൻ കലാസാഹിത്യവേദി, ഫിലിം ക്ലബ്, ഹരിതസേന ക്ലബ് തുടങ്ങിയ വൈവിധ്യങ്ങളായ പ്രവർത്തനങ്ങളും നടത്തി.

കുട്ടികൾക്ക് വീട്ടിൽ നിന്ന് ലഭിക്കേണ്ട സ്നേഹം, സുരക്ഷിതത്വബോധം, പരിഗണന കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഓരോ കുട്ടിക്കും ഇവ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഗൃഹ സന്ദർശനം, രക്ഷിതാക്കളുമായുള്ള ആശയവിനിമയം എന്നിവ കൊണ്ട് കുട്ടിയെ നിരന്തരം നിരീക്ഷിക്കാനും മനസ്സിലാക്കാനും അധ്യാപകർ ശ്രദ്ധിക്കുന്നു.

വിദ്യാലയത്തിന്റെ പ്രാന്ത പ്രദേശങ്ങളിൽ തണ്ണീർത്തടങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുന്ന പ്രവർത്തനം നടത്തിവരുന്നു.

അധ്യാപകർക്കു ശില്പശാലകൾ, സെമിനാറുകൾ വിദ്യാർത്ഥികൾക്കുള്ള കൗൺസിലിങ്ങ്, സന്മാർഗശാസ്ത്ര പഠനം, ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

## നിലവിലെ അവസ്ഥാ വിശകലനം

**അക്കാദമികം ബൗദ്ധികം നേട്ടങ്ങൾ പരിമിതികൾ**

അക്കാദമിക നേട്ടങ്ങൾ

- തുടർച്ചയായ വർഷങ്ങളിൽ എസ്എസ്എൽസി പരീക്ഷയ്ക്ക് 100% വിജയം ലഭിക്കുകയും ഫുൾ എ പ്ലസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്തു.
- ഈ നേട്ടങ്ങളുടെ ഫലമായി നമ്മുടെ വിദ്യാലയത്തിൽ അഡ്മിഷൻ വർദ്ധനവുണ്ടായി.
- USS, NMMS, Numats എന്നീ സ്കോളർഷിപ്പുകളിൽ ഉന്നതമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.
- SPC, JRC, SCOUTS & GUIDES, LITTLE KITES എന്നീ സംഘടനകളുടെ പ്രവർത്തനം മൂലം വിദ്യാലയത്തിൽ അച്ചടക്കം ഉണ്ടാക്കാൻ സാധിച്ചു.
- ഒരു നല്ല ഗണിത ലൈബ്രറി വിദ്യാലയത്തിന് സ്വന്തമായി ഉണ്ട്.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകുന്നു.
- ഭാഷാ പഠനം, അടിസ്ഥാന ഗണിത ക്രിയകളുടെ പരിശീലനം, കൈയ്യക്ഷരം മെച്ചപ്പെടുത്താൻ കയ്യെഴുത്ത് കോപ്പി എന്നിവയിൽ ശ്രദ്ധിക്കുന്നു.
- ലഹരിക്കെതിരെയും ലൈംഗികാതിക്രമത്തിനെതിരെയും കുട്ടികളെ ബോധവൽക്കരിക്കുന്നതിൽ ഊന്നൽ നൽകുന്നു.
- ഗിഫ്റ്റഡ് ആയ കുട്ടികൾക്ക് ആവശ്യമായ പഠന പ്രവർത്തനങ്ങൾ നൽകുന്നു.

**അക്കാദമിക പോരായ്മകൾ**

- എട്ടുവരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഓൾ പ്രമോഷൻ നൽകുന്നതുമൂലം പഠനത്തോട് അലസ മനോഭാവം ഉണ്ടാകുന്നു.

- സ്ക്രീനിംഗ് ടൈം കൂടുതലും പുസ്തക വായന കുറവും ഉണ്ട്.

- ഭാഷകൾ തെറ്റുകൂടാതെ കൈകാര്യം ചെയ്യാനും ഗണിതക്രിയകളിൽ താൽപര്യം ഉണ്ടാകുന്നതിനും കുറച്ചുകൂടി ശ്രദ്ധ നൽകേണ്ടതുണ്ട്.

- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കുറച്ചുകൂടി പരിഗണന നൽകണം.

- ഉപജില്ല ജില്ല സംസ്ഥാനതല മത്സരങ്ങൾക്കായി ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളെ പരിശീലിപ്പിക്കാൻ അധ്യാപകർ ഒന്നടങ്കം പോകുമ്പോൾ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ വേണ്ടത്ര ശ്രദ്ധിക്കാൻ സാധിക്കുന്നില്ല.

- അവരുടെ അക്കാദമിക തലമുയർത്താൻ സാധിക്കുന്നില്ല. അങ്ങനെ പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾ വീണ്ടും മുന്നോട്ട് പോകുകയും പിന്നോക്കം നിൽക്കുന്ന കുട്ടികൾ ഒന്നുകൂടി പിന്നോക്കം പോകുകയും ചെയ്യുന്നു. ഇതിന് ഒരു പരിഹാരം കാണണം.

- നിലവിൽ പാഠ്യവിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നത് പോലെ തന്നെ പാഠ്യേതര വിഷയങ്ങളിലും പ്രാധാന്യം നൽകണം .

- കുട്ടികളിൽ നിരവധി കഴിവുകൾ ഉണ്ട്. ഈ കഴിവുകൾ വളർത്താനുള്ള സാഹചര്യം സ്കൂളുകളിൽ ഉണ്ടാകണം.

- നിത്യജീവിതത്തിൽ ആവശ്യമായ പല കഴിവുകളും സ്കൂൾതലത്തിൽ തന്നെ വികസിപ്പിക്കേണ്ടത് ആവശ്യമാണ്. ഉദാ: തയ്യൽ

**ഭൗതിക നേട്ടങ്ങൾ**

- വിദ്യാർത്ഥികളുടെ സമഗ്ര വളർച്ചയ്ക്ക് ആവശ്യമായ ഒരു ഭൗതിക സാഹചര്യം സ്കൂളിനുണ്ട്. എല്ലാ സൗകര്യങ്ങളും ഒത്തിണങ്ങിയ സ്കൂൾ ബിൽഡിംഗ്, ഐടി ലാബ്, സയൻസ് ലാബ്, ഉച്ചഭക്ഷണപുര എന്നിവ സ്കൂളിന്റെ സവിശേഷതകളാണ്.
- ഹൈസ്കൂൾ ക്ലാസുകളിലും യുപി സ്കൂളുകളിലും ലാപ്ടോപ്, പ്രൊജക്ടർ മുതലായവ ഉണ്ട്. കുടിവെള്ള സൗകര്യം ഉണ്ട്.
- വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് സൗകര്യം ചെയ്തിട്ടുണ്ട്.
- കായിക ശേഷി വർദ്ധിപ്പിക്കുന്നതിനായി മികച്ച സൗകര്യങ്ങൾ ഒരുക്കുന്നു.
- ടൈൽ വിരിച്ച വിശാലമായ മുറ്റം നമ്മുടെ സ്കൂളിന്റെ പ്രത്യേകതയാണ്.
- ഇന്റർവെൽ സമയങ്ങളിൽ വെള്ളം കുടിക്കാൻ ആവശ്യപ്പെടുന്നു.

**ഭൗതിക പോരായ്മകൾ**

- ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള റാംപ് വേണം
- മാത്സ്, സോഷ്യൽ സയൻസ് എന്നി വിഷയങ്ങൾക്ക് ലാബുകളുടെ കുറവ്.
- അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലൈബ്രറി,റീഡിങ് റൂം, സ്കൂൾ ഓഡിറ്റോറിയം എന്നിവ വേണം.
- യുപി നിലയിൽ വാഷ് റൂമിന്റെ കുറവ്.

- ഗേൾസ് ഫ്രണ്ട്‌ലിബാത്റൂമിന്റെ കുറവ്.
- ഉച്ച ഭക്ഷണത്തിന് ആവശ്യമായ ഭക്ഷണത്തിന്റെ പച്ചക്കറിത്തോട്ടം സ്കൂൾമുറ്റം കവർ ചെയ്യുന്ന ട്രസ്സ് എന്നിവ വേണം.
- എല്ലാവരെയും നീന്തൽ പഠിപ്പിക്കേണ്ടതാണ്.
- യുപി ക്ലാസ്സുകളിൽ ബെഞ്ച് ഡിസ്ക് സൗകര്യങ്ങളുടെ അപര്യാപ്തത.
- ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മൈതാനം വേണം.ബാസ്കറ്റ്ബോൾ കോർട്ട്,ബാഡ്മിന്റൺ കോർട്ട്, സിന്തറ്റിക് ട്രാക്ക്,ഗ്യാലറി മുതലായ സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.
- കുട്ടികളുടെ സൈക്കിളുകൾ ഭദ്രമായി സൂക്ഷിക്കാൻ സൈക്കിൾ ഷെഡ് വേണം.
- കുട്ടികളുടെ മാനസിക സമ്മർദം കുറയ്ക്കുന്നതിനും മാനസികോല്ലാസം വർദ്ധിപ്പിക്കുന്നതിനും മനോഹരമായ പൂന്തോട്ടം നിർമ്മിക്കാം.
- ടോയ്‌ലറ്റ് സൗകര്യം സ്കൂളിലുണ്ട് എങ്കിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കുറച്ചുകൂടി ടോയ്‌ലറ്റ് സൗകര്യമുണ്ടാവണം.
- അധ്യാപകരുടെയും അനധ്യാപകരുടെയും എണ്ണത്തിന് ആനുപാതികമായ ടോയ്‌ലറ്റ് സൗകര്യം കുറവാണ്.

**അക്കാദമിക നേട്ടങ്ങൾ**

1. ഹൈസ്കൂൾ ക്ലാസ് മുറികളുടെ പോലെ എല്ലാ യുപി ക്ലാസ്സുകളും സമ്പൂർണ്ണ ഡിജിറ്റൽ ക്ലാസ് റൂമുകളാക്കുക.
2. വിദ്യാലയത്തിൽ സ്മാർട്ട് ബോർഡ് സംവിധാനം രൂപീകരിക്കുക.
3. ഇംഗ്ലീഷ് ഭാഷ പരിപോഷിപ്പിക്കുന്നതിനായി ലാംഗ്വേജ് ലാബ്.
4. വായനാശീലം വളർത്തുന്നതിനായി ലൈബ്രറിയുടെ വിപുലീകരണവും സമ്പൂർണ്ണ ഡിജിറ്റലൈസേഷനും.

5. ഗണിതം സാമൂഹ്യശാസ്ത്രം എന്നിവയിൽ കൂടുതൽ പരിശീലനം നൽകുന്നതിനുള്ള ഗണിത ലാബ്, സോഷ്യൽ സയൻസ് ലാബ് എന്നിവയുടെ നിർമ്മാണം.

6. നിലവിലുള്ള സയൻസ് ലാബിന്റെ വിപുലീകരണം.

7. വിദ്യാർത്ഥികളിൽ പരിസ്ഥിതി സൗഹൃദം വളർത്തുന്നതിന്റെ ഭാഗമായി ജൈവോദ്യാനം, ചിത്രശലഭോദ്യാനം എന്നിവയുടെ നിർമ്മാണം.

8. പുതിയ തലമുറയ്ക്ക് പാരമ്പര്യ ഔഷധങ്ങൾ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഔഷധത്തോട്ട നിർമ്മാണം.

9. ശാസ്ത്രസാങ്കേതികവിദ്യയിൽ മികവുപുലർത്തുന്നതിനായി ഫീൽഡ് ട്രിപ്പുകൾ.

10. വ്യത്യസ്ത മേഖലയിൽ പ്രഗൽഭരായ വ്യക്തികളുമായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സംവാദം സംഘടിപ്പിക്കുക.

11. 9,10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിനായി കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കുക.

12. മാനസിക സമ്മർദ്ദം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്കായി കൗൺസിലിംഗ് ഏർപ്പെടുത്തുക.

## 2025-26 ലെ വിദ്യാലയ അക്കാദമിക് മാസ്റ്റർ പ്ലാൻ

പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തു ന്നതിന്റെ ഭാഗമായി സെന്റ് അലോഷ്യസ് എച്ച് എസ് എസിലെ അക്കാദമിക പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ ഭാഷ നൈപുണി, ശാസ്ത്രപഠനകൗതുകം, സർഗശേഷി വികാസം, കായിക നൈപുണ്യം, സാങ്കേതിക പരിജ്ഞാനം, ഭിന്നശേഷി വികസനം, സാമൂഹിക പരിപക്വത എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് നിജപ്പെടുത്തിയിരിക്കുന്നത് . ഈ കാഴ്ചപ്പാട് മുൻനിർത്തിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. പ്രവർത്തനങ്ങളുടെ ആസൂത്രണം താഴെ സൂചിപ്പിക്കുന്നു.

1.ഭാഷാ നൈപുണി

2.ശാസ്ത്രപഠന കൗതുകം

3.സർഗ്ഗശേഷി വികാസം

4.കായിക നൈപുണ്യം

5.സാങ്കേതിക പരിജ്ഞാനം

6.ഭിന്നശേഷി വികസനം

7. സാമൂഹിക പരിപക്വത

# ഭാഷ നൈപുണി  മലയാളം

മേഖല : അക്കാദമികം
ഉപമേഖല :മാതൃഭാഷാ പഠനം
പ്രവർത്തനം.: എല്ലാ വിദ്യാർത്ഥികളുടെയും മലയാളഭാഷ നിലവാരം മെച്ചപ്പെടുത്താൻ
ലക്ഷ്യം : വായന സംസ്കാരം ഉയർത്തൽ

:കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ട്  വായന സാമഗ്രികളുടെ ശേഖരണവും  നിർമ്മാണവും

| ലക്ഷ്യം | പ്രീ ടെസ്റ്റ് | കാലയളവ് | ഭൗതികം |
|---|---|---|---|
| * ഭരണഭാഷപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കാൻ | അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br><br>അക്ഷരങ്ങൾ നിലവിൽ എഴുതിയ കാർഡ്<br><br>വാക്കുകൾ നിർമ്മിക്കൽ<br>വാക്യങ്ങൾ നിർമ്മിക്കൽ<br>കഥയെഴുതൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് കൊടുക്കൽ<br><br>വായന രൂപീകരിക്കൽ<br><br>സ്കൂൾ ലൈബ്രറി നവീകരിക്കൽ | രണ്ടുമാസം<br><br>ആറുമാസം | പുസ്തകങ്ങൾ<br><br>ചിത്രങ്ങൾ |

| | | | |
|---|---|---|---|
| *കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന<br>വായനാനുഭവം<br>വായനക്കുറിപ്പ്<br>പതിപ്പ് ഉണ്ടാക്കൽ<br>ആസ്വാദകരമായ വായന<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ | ആറുമാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ |
| *കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | സാഹിത്യകാരന്മാരുടെ അഭിമുഖം<br>എഴുത്തുകൂട്ട രൂപീകരണം<br>പുസ്തക ചർച്ച<br>വായനക്കുറിപ്പ്<br>വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>ചുമർപത്രിക<br>ഭാഷാ പ്രോജക്ട്<br>വ്യക്തിഗത സർഗസൃഷ്ടി<br>സൃഷ്ടികൾ ചേർത്ത് കൈയെഴുത്തു മാസിക | ആറുമാസം | ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ<br>ഓഡിയോ<br>വീഡിയോ<br>ചുമതല |

| | | | |
|---|---|---|---|
| *സദസിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | തയ്യാറാക്കൽ<br>പ്രസംഗ പരിശീലന കളരി<br>വിവിധ വിഷയങ്ങൾ നൽകി<br>പ്രസംഗം<br>മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ പ്രദർശിപ്പിക്കുക<br>പ്രസംഗം അവതരിപ്പിക്കുന്ന വേദികൾ സജ്ജമാക്കുക | | പിടിഎ<br>അധ്യാപകർ<br>ട്രെയിനർ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

ഇന്തോ-യൂറോപ്യൻ ഭാഷാകുടുംബത്തിൽ പെടുന്ന ജർമാനിക് ഭാഷയുടെ ഉപശാഖയായ പശ്ചിമ ജർമ്മാനിക് ഭാഷയിൽ നിന്നു രൂപപ്പെട്ട ഭാഷയായ **ഇംഗ്ലീഷ്** (ആംഗലേയഭാഷ) ആദ്യമായി ഇംഗ്ലണ്ടിലാണ് സംസാരിക്കപ്പെട്ടത്. ഇന്ന് ലോകത്തിലേറ്റവും കൂടുതൽ ആളുകൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ഒരു പൊതുഭാഷ കൂടിയാണിത്. മന്ദാരിൻ ചൈനീസ്, സ്പാനിഷ് എന്നീ ഭാഷകൾ കഴിഞ്ഞ് ലോകത്തിലേറ്റവും കൂടുതലാളുകളുടെ രാഷ്ട്രഭാഷയാണ്. യുണൈറ്റഡ് കിംഗ്ഡം, അമേരിക്കൻ ഐക്യനാടുകൾ, കാനഡ, ഓസ്ട്രേലിയ, ന്യൂസീലൻഡ്, അയര്ലണ്ട് തുടങ്ങിയ വിവിധ രാജ്യങ്ങളുടെ ഭാഷ കൂടിയാണ് ഇംഗ്ലീഷ്. യൂറോപ്യൻ യൂണിയന്റെയും പല കോമൺവെൽത്ത് രാജ്യങ്ങളുടെയും യുനൈറ്റഡ് നേഷൻസിന്റെയും ലോകാരോഗ്യ സംഘടനയുടെയും പല ലോക സംഘടനകളുടെയും രാജ്യങ്ങളുടെയും ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് ഇംഗ്ലീഷ്. അതിനാൽ ആഗോളഭാഷ (ഗ്ലോബൽ ലാഗ്വേജ്) അഥവാ ലോകഭാഷ എന്ന് ഇംഗ്ലീഷിനെ വിശേഷിപ്പിക്കാറുണ്ട്.

പല വിദേശ രാജ്യങ്ങളിലും ലോകസംഘടനകളിലും തൊഴിൽ ലഭിക്കാൻ അല്ലെങ്കിൽ വിദ്യാഭ്യാസത്തിന് ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം പലപ്പോഴും ആവശ്യമായി വരാറുണ്ട്. ഇത് രണ്ടാം ഭാഷയായി വ്യാപകമായി ലോകരാജ്യങ്ങളിൽ അഭ്യസിക്കപ്പെടുന്നുണ്ട്. അതുവഴി അവരുടെ പൗരന്മാർക്ക് ആഗോള അവസരങ്ങൾ ലഭ്യമാക്കാനും, വിനോദസഞ്ചാര മേഖലയുടെ വികസനത്തിനും, സാങ്കേതിക രംഗത്തിനും ഗുണം ചെയ്യും. ഇന്ത്യയിലെ രണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നു കൂടിയാണ് ഇംഗ്ലീഷ്. ഇന്ത്യയിൽ ഉപയോഗിക്കപ്പെടുന്ന ഇംഗ്ലീഷ് ഭാഷയെ ഇന്ത്യൻ ഇംഗ്ലീഷ് എന്നും വിശേഷിപ്പിക്കാറുണ്ട്.

ഇംഗ്ലണ്ടിലേക്ക് കുടിയേറിയ പുരാതന ജർമ്മനി ജനതകളിലൊരാളായ ആംഗിൾസിന്റെ പേരിലാണ് ഇംഗ്ലീഷിന് പേര് നൽകിയിരിക്കുന്നത്. ബാൾട്ടിക് കടലിലെ ഉപദ്വീപായ ആംഗ്ലിയയിൽ നിന്നാണ് ഇംഗ്ലീഷിനും ഇംഗ്ലണ്ടിനും ആ പേര് ലഭിച്ചത്. ഫ്രിസിയൻ, ലോ സാക്സൺ എന്നിവയുമായി ഇംഗ്ലീഷ് വളരെ അടുത്ത ബന്ധപ്പെട്ടിരിക്കുന്നു. ലാറ്റിൻ, ഫ്രഞ്ച് ഭാഷകൾക്കൊപ്പം മറ്റ് ജർമ്മനി ഭാഷകളിലും, പ്രത്യേകിച്ച് നോർസ് (ഒരു വടക്കൻ ജർമ്മനി ഭാഷ) ഇതിന്റെ പദാവലിയെ സ്വാധീനിച്ചിട്ടുണ്ട്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ബ്രിട്ടീഷ് സാമ്രാജ്യം അതിന്റെ കോളനികളിലൂടെയും ഭൗമരാഷ്ട്രീയ ആധിപത്യത്തിലൂടെയും ഇംഗ്ലീഷിനെ വ്യാപിച്ചു. വാണിജ്യം, ശാസ്ത്രം, സാങ്കേതികവിദ്യ, നയതന്ത്രം, കല, ഔപചാരിക വിദ്യാഭ്യാസം എന്നിവയെല്ലാം ഇംഗ്ലീഷ് ആദ്യത്തെ ആഗോള ഭാഷയായി മാറുന്നതിന് കാരണമായി ലോകമെമ്പാടുമുള്ള അന്താരാഷ്ട്ര ആശയവിനിമയത്തിനും ഇംഗ്ലീഷ് സൗകര്യമൊരുക്കി. വടക്കേ അമേരിക്കയുടെ ചില ഭാഗങ്ങൾ, ആഫ്രിക്കയുടെ ചില ഭാഗങ്ങൾ, ഓസ്ട്രേലിയ, മറ്റു പല പ്രദേശങ്ങളിലും ഇംഗ്ലീഷിനെ സ്വീകരിച്ചു. രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയപ്പോൾ, ഒന്നിലധികം തദ്ദേശീയ ഭാഷകളുള്ള പുതുതായി സ്വതന്ത്രരാജ്യങ്ങളിൽ ചിലത് ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി ഉപയോഗിക്കുന്നത് തുടരാൻ തീരുമാനിച്ചു. അതിനാൽ ഏതെങ്കിലും ഒരു തദ്ദേശീയ ഭാഷ മറ്റുള്ളവയെക്കാൾ ഉന്നമിപ്പിക്കുന്നതിലൂടെ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ അവർക്ക് ഒഴിവാക്കാനാകും.

ഇരുപതാം നൂറ്റാണ്ടിൽ, അമേരിക്കയുടെ വർദ്ധിച്ചുവരുന്ന സാമ്പത്തിക സാംസ്കാരിക സ്വാധീനവും, രണ്ടാം ലോക മഹായുദ്ധത്തെത്തുടർന്ന് ഒരു മഹാശക്തിയെന്ന നിലയും, ഇംഗ്ലീഷ് ഭാഷ ലോകമെമ്പാടും വളരെ വേഗത്തിൽ വ്യാപിക്കാൻ കാരണമായി. ബിബിസിയും, മറ്റ് പ്രക്ഷേപകരും ലോകമെമ്പാടും ഇംഗ്ലീഷിൽ പ്രക്ഷേപണം ചെയ്തതും വ്യാപനത്തിന് കാരണമായി.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, ഏത് ഭാഷയിലേതിനേക്കാളും കൂടുതൽ ഇംഗ്ലീഷ് സംസാരിക്കുകയും എഴുതുകയും ചെയ്യുന്നു.

ആധുനിക കാലത്ത്, ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്, കാരണം വിദ്യാഭ്യാസം, ബിസിനസ്സ്, യാത്ര, സംസ്കാരം എന്നിവയുൾപ്പെടെ നമ്മുടെ ജീവിതത്തിന്റെ വിവിധ വശങ്ങളെ സ്വാധീനിക്കുന്നു. ഇംഗ്ലീഷ് പഠിക്കുന്നത് പ്രാദേശികമായും അന്തർദേശീയമായും നിരവധി തൊഴിലവസരങ്ങൾ തുറക്കുന്നു. ഇംഗ്ലീഷ് ഭാഷ പഠിക്കുന്നതിന്റെ പ്രാധാന്യം വിവിധ നേട്ടങ്ങൾക്കൊപ്പം വരുന്നു

വിദ്യാഭ്യാസത്തിൽ, പ്രായം കണക്കിലെടുക്കാതെ വ്യക്തികളുടെ വികസനത്തിൽ ഇംഗ്ലീഷ് ഭാഷ നിർണായക പങ്ക് വഹിക്കുന്നു. ഭാഷ ഒരാളുടെ ഭാവിയെ രൂപപ്പെടുത്തുകയും വിമർശനാത്മക ചിന്ത, സർഗ്ഗാത്മകത, ആശയവിനിമയ കഴിവുകൾ എന്നിവ വികസിപ്പിക്കാൻ സഹായിക്കുകയും ചെയ്യുന്നു. മാത്രമല്ല, അക്കാദമിക് നേട്ടത്തിനും ഫലപ്രദമായ ആശയവിനിമയത്തിനും ഒരു താക്കോലായി വർത്തിക്കുന്നതിനാൽ, സ്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കൂടുതൽ വർദ്ധിച്ചു. ക്ലാസ് മുറിയിലും പുറത്തും വൈവിധ്യമാർന്ന വിദ്യാഭ്യാസ സാമഗ്രികൾ മനസ്സിലാക്കാനും അവയുമായി ഇടപഴകാനുമുള്ള ഒരു വിദ്യാർത്ഥിയുടെ കഴിവ് ഇത് വർദ്ധിപ്പിക്കുന്നു. കൂടാതെ, വൈവിധ്യമാർന്ന പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകളെ ബന്ധിപ്പിക്കുന്ന ഒരു ആഗോള ഭാഷയാണ് ഇംഗ്ലീഷ് എന്നതിനാൽ, ഇത് സഹകരണവും സാംസ്കാരിക ധാരണയും വളർത്തുന്നു.

ഇംഗ്ലീഷ് പഠിക്കുന്നതിന്റെ ഗുണങ്ങൾ അനന്തമാണ്. ഇംഗ്ലീഷ് പഠിക്കുന്നതിന്റെ ചില പ്രധാന നേട്ടങ്ങൾ താഴെ പറയുന്നവയാണ്:

- **ആഗോള ആശയവിനിമയം** : ലോകമെമ്പാടുമുള്ള നിരവധി ആളുകൾ ഇംഗ്ലീഷ് സംസാരിക്കുന്നു, ഇത് മറ്റ് രാജ്യങ്ങളിൽ നിന്നുള്ളവരുമായി ആശയവിനിമയം നടത്തുന്നത് എളുപ്പമാക്കുന്നു.

- **കരിയർ പുരോഗതി :** ഇംഗ്ലീഷ് നന്നായി സംസാരിക്കാനുള്ള കഴിവ് അന്താരാഷ്ട്ര കമ്പനികളിലെ ജീവനക്കാർക്ക് മികച്ച തൊഴിലവസരങ്ങൾക്കും കരിയർ പുരോഗതിക്കും കാരണമാകും.
- **വിവരങ്ങളിലേക്കുള്ള പ്രവേശനം :** ഇന്റർനെറ്റിൽ ഇംഗ്ലീഷിൽ ധാരാളം വിവരങ്ങൾ അടങ്ങിയിരിക്കുന്നു, അതിനാൽ നിങ്ങൾക്ക് ഇംഗ്ലീഷ് നന്നായി സംസാരിക്കാൻ അറിയാമെങ്കിൽ നിങ്ങൾക്ക് വിശാലമായ വിവരങ്ങൾ ആക്സസ് ചെയ്യാൻ കഴിയും.
- **യാത്ര :** ലോകത്തിലെ ഏറ്റവും സാധാരണമായ ഭാഷയായതിനാൽ ഇംഗ്ലീഷ് സംസാരിക്കാൻ കഴിയുന്നത് യാത്ര എളുപ്പവും ആസ്വാദ്യകരവുമാക്കുന്നു.

പരസ്പരബന്ധിതമായ ഇന്നത്തെ ലോകത്ത് ഇംഗ്ലീഷ് ആശയവിനിമയത്തിന്റെ പ്രാധാന്യം കൂടുതൽ വലുതാണ്. സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ വിടവുകൾ നികത്തുന്നതിനുള്ള ഒരു പാലമായി ഇത് പ്രവർത്തിക്കുന്നു. ശക്തമായ ഇംഗ്ലീഷ് ആശയവിനിമയം വ്യക്തിബന്ധങ്ങൾ മെച്ചപ്പെടുത്തുക മാത്രമല്ല, പ്രൊഫഷണൽ അവസരങ്ങളിലേക്കുള്ള വാതിൽ തുറക്കുകയും ചെയ്യുന്നു. ലോകമെമ്പാടുമുള്ള ആളുകളുമായി നമ്മെ ബന്ധിപ്പിക്കുന്ന ശക്തമായ ഒരു ഉപകരണമാണ് ഇംഗ്ലീഷ് ഭാഷ, ഇത് നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഒരു മൂലക്കല്ലാക്കി മാറ്റുന്നു. ലോകമെമ്പാടുമുള്ള 1.8 ബില്യണിലധികം ആളുകൾ ഇംഗ്ലീഷ് സംസാരിക്കുന്നതിനാൽ, വിദ്യാഭ്യാസത്തിനും ബിസിനസ്സിനും വേണ്ടിയുള്ള ഒരു മാധ്യമം മാത്രമല്ല, പുതിയ അനുഭവങ്ങളിലേക്കുള്ള ഒരു പാലം കൂടിയാണ് ഇംഗ്ലീഷ് ഭാഷയിലുള്ള ശക്തമായ പ്രാവീണ്യം. പുതിയ രാജ്യങ്ങൾ പര്യവേക്ഷണം ചെയ്യാനും വൈവിധ്യമാർന്ന സംസ്കാരങ്ങളിൽ നിന്നുള്ള വ്യക്തികളുമായി സൗഹൃദം സ്ഥാപിക്കാനും ഇത് നിങ്ങളെ അനുവദിക്കുന്നു.

ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നത് അന്താരാഷ്ട്ര ആശയവിനിമയം മെച്ചപ്പെടുത്തുകയും തടസ്സങ്ങൾ

തകർക്കുകയും ആഗോള ഫോറങ്ങൾ, ബിസിനസ് ചർച്ചകൾ, നയതന്ത്രം എന്നിവയിൽ സഹകരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സാരാംശത്തിൽ, ഇംഗ്ലീഷ് വെറുമൊരു ഭാഷയേക്കാൾ കൂടുതലാണ് - അത് അനന്തമായ അവസരങ്ങളിലേക്കും സമ്പന്നവും പരസ്പരബന്ധിതവുമായ ഒരു ലോകത്തിലേക്കുമുള്ള ഒരു കവാടമാണ്. ഇംഗ്ലീഷ് പഠിക്കുന്നതിന്റെ മറ്റ് നേട്ടങ്ങൾ ഇവയാണ്: ഇ ബാരിയർ, സാംസ്കാരികവും പിന്തുണയുള്ളതുമായ ആഗോള ഫോറങ്ങൾ പ്രോത്സാഹിപ്പിക്കൽ, ബിസിനസ് ഡീലുകൾ, നയതന്ത്രം. ഇംഗ്ലീഷ് പഠിക്കുന്നതിന്റെ മറ്റ് നേട്ടങ്ങൾ ഇവയാണ്:

- **ആശയവിനിമയം എളുപ്പമാക്കുന്നു:** ഒരു വിദ്യാർത്ഥി തന്റെ അക്കാദമിക് ജീവിതത്തിൽ ജീവിതത്തിന്റെ എല്ലാ തുറകളിൽ നിന്നുമുള്ള ആയിരക്കണക്കിന് ആളുകളെ കണ്ടുമുട്ടുന്നു. ഇംഗ്ലീഷിലുള്ള നല്ല പ്രാവീണ്യം മറ്റുള്ളവരുമായി ഫലപ്രദമായി ആശയവിനിമയം നടത്താനുള്ള അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നു.
- **ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു:** ഒരു ഇംഗ്ലീഷ് പ്രഭാഷകൻ ആത്മവിശ്വാസത്താൽ നിറഞ്ഞിരിക്കുന്നു, അവർ വിദ്യാർത്ഥികളായാലും പ്രൊഫഷണലുകളായാലും.
- **ജീവിതകാലം മുഴുവൻ അവസരങ്ങൾ നേടാൻ സഹായിക്കുന്നു:** ഇക്കാലത്ത്, ഇംഗ്ലീഷ് ആശയവിനിമയ കഴിവുകൾ കുറവായതിനാൽ ഒരു കമ്പനിയും ഒരു വ്യക്തിയെയും നിയമിക്കാൻ സാധ്യതയില്ല. എല്ലാ പോസ്റ്റുകൾക്കും ഈ ഭാഷയെക്കുറിച്ച് സമഗ്രമായ അറിവ് ആവശ്യമാണ്. അതിനാൽ, നല്ല അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് അറിയേണ്ടതുണ്ട്.
- **വിദ്യാഭ്യാസ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു:** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള വിദ്യാർത്ഥികൾക്ക് കൂടുതൽ പഠിക്കുന്നതിനും കൂടുതൽ വിദ്യാസമ്പന്നരാകുന്നതിനും തടസ്സങ്ങളൊന്നുമില്ല. മിക്കവാറും എല്ലാത്തരം കോഴ്സുകളും ക്ലാസുകളും ഇംഗ്ലീഷിലാണ് പഠിപ്പിക്കുന്നത്.

- **വിദ്യാഭ്യാസത്തിനായുള്ള യാത്ര എളുപ്പമാക്കുന്നു:** വിദേശത്ത് ഉന്നത വിദ്യാഭ്യാസം നേടുന്നതിന്, വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷയെക്കുറിച്ച് ഒരു ധാരണ ഉണ്ടായിരിക്കണം. നല്ല ഇംഗ്ലീഷ് പരിജ്ഞാനമുള്ള വിദ്യാർത്ഥികൾക്ക് ലോകത്തിന്റെ ഏത് കോണിൽ നിന്നും ഉന്നത വിദ്യാഭ്യാസം നേടാനാകും.

ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് ഭാഷ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങളാണ് ഇംഗ്ലീഷ് അധ്യാപക ഗ്രൂപ്പ് എൽത്തുരുത്ത് സെന്റ് അലോഷ്യസ് വിദ്യാലയത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, അതിനുവേണ്ടിവരുന്ന കാലയളവ്, പ്രവർത്തനങ്ങളുടെ ചുമതല, പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സ്രോതസ്സ് എന്നിവ സൂചിപ്പിക്കുന്ന പട്ടിക ചുവടെ നൽകിയിരിക്കുന്നു.

**മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക സ്രോതസ്സ്** |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br><br>English Library നവീകരണം.<br><br>English Corner Story Time<br><br>English Cartoon പ്രദർശനം | അവധി ക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| | English Assembly | | | |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങ ൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറാക്കുന്നതി നുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കു ന്നു.<br>Role play, English Dayalam, Seminar കൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാ ഫി തയ്യാറാക്കി ക്ലബ്ബ് അടി സ്ഥാനത്തിൽ ദൃശ്യാ വിഷ്കാരം നടത്തുന്നു | ക്ലാസ് റൂം പ്രവർത്ത നങ്ങളോ ടൊപ്പം<br>അക്കാദമി ക വർഷം | ടീച്ചേർസ്, SRG<br>ഇംഗ്ലീഷ് അധ്യാപ കർ | ഇംഗ്ലീഷ് ക്ലബ്ബ് മാനേജ് മെന്റ്<br>പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 3)സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്ര മായ എഴുത്തിന് സജ്ജരാ ക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാ ണത്തിനുള്ള കാർഡുകൾ<br><br>ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simple Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തക ൾ തയ്യാറാക്കൽ, എൻ്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്ത നങ്ങളോ<br><br>ക്ലാസ് റൂം പ്രവർത്ത നങ്ങൾ, അസംബ്ലി | പി.ടി.എ, SRG, ടീച്ചേർസ്<br><br>പി.ടി.എ, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English language Lab<br><br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി | ക്ലാസ് റൂം പ്രവർത്ത നങ്ങൾ<br><br>ശനിയാഴ് ചകൾ, ക്യാമ്പ് | പി.ടി.എ, SRG, ടീച്ചേർസ്<br><br>ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ<br><br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | | | |
| 5)കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br><br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു<br><br>Book Reviews<br><br>രചനകളുടെ പ്രദർശനം | ക്ലാസ് പ്രവർത്തനങ്ങൾ<br><br>വെക്കേഷൻ, ശനിയാഴ്ചകൾ<br><br>വർഷത്തിൽ രണ്ട് പ്രാവശ്യം | ടീച്ചേർസ്, പി.ടി.എ, SRG<br><br>ടീച്ചേർസ്, പി.ടി.എ, SRG<br><br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>പി.ടി.എ, മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| | (Magazine) | | | |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു.<br><br>English fest, English film കാണാനുള്ള അവസരം | വെക്കേഷൻ (ഓണം, ക്രിസ്മസ്)<br><br>അക്കാദമിക വർഷത്തിൽ ഒരുതവണ | ടീച്ചേർസ്, പി.ടി.എ, SRG<br><br>ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ, SRG മാനേജ്മെന്റ് |
| 7)സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു.<br><br>English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | ശനിയാഴ്ചകൾ/ വെക്കേഷൻ<br><br>അക്കാദമിക വർഷം രണ്ട് തവണ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |

## ഹൈസ്കൂൾ ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷാ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |
| ഓരോ യൂണിറ്റിലും നേടേണ്ട പഠന നേട്ടങ്ങൾ നേടിയെന്ന് ഉറപ്പുവരുത്തുക. | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>കത്ത്,ഡയറി,പോസ്റ്റർ, ആസ്വാദനക്കുറിപ്പ് എന്നിവയുടെ ഫോർമാറ്റ് നൽകുന്നു<br>പാഠഭാഗങ്ങളിലെ സന്ദർഭങ്ങൾ | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ |

| | | | |
|---|---|---|---|
| | അടിസ്ഥാനമാക്കിയുള്ള വിവിധ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഴുതാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | | |
| ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക | നാടകം വേദിയിൽ അവതരിപ്പിക്കുന്നു സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. പാഠഭാഗങ്ങളിലെ കവിതകൾ വ്യത്യസ്ത ഈണങ്ങളിൽ പാടുവാൻ അവസരം ഒരുക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ |
| ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികളിൽ ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട സിനിമകൾ ഷോർട്ട് ഫിലിമുകൾ കാണുവാനുള്ള അവസരം ഒരുക്കുന്നു. സ്കൂൾ ലൈബ്രറിയിൽ നിന്നുംകുട്ടികൾക്കായുള്ള ഹിന്ദി കഥകളും കവിതകളും വായിക്കാനുള്ള അവസരം നൽകുന്നു ഹിന്ദി മാതൃഭാഷ ആയിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമി വർഷം | ഹിന്ദി അധ്യാപകൻ |

# മേഖല- ഹൈസ്കൂൾ സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനനം | കാലം | പഠനോപകരണങ്ങൾ | സാമ്പത്തികം | ക്ലാസ് ഇതര പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| സംസ്കൃത പഠനം ആരംഭിക്കുന്നവർക്കായി സംസാരം ഭാഷയിലെ സംസ്കൃതങ്ങൾ പരിചയപ്പെടുത്തുന്നു | അഞ്ചാന്തരം വിദ്യാർഥികൾക്ക് അക്ഷരം ഉറപ്പിക്കൽ ചിഹ്നങ്ങൾ ചേർത്ത് എഴുതൽ അക്ഷരകേളി | ജൂൺ മുതൽ ജൂലൈ | പാഠപുസ്തകങ്ങൾ ചിത്രങ്ങൾ ബ്ലാക്ക് ബോർഡ് | സംസ്കൃത അധ്യാപിക | അനുദ്രുപീകരണം ഗൃഹപാഠം,സഹപാഠികളുടെ പിന്തുണ |
| വായനാവാരത്തിൽ യുപി ആൻഡ് എച്ച് സ്ഥലത്തിൽ വായന മത്സരം<br><br>സംസ്കൃത | അധ്യാപിക മികച്ച ഗ്രന്ഥവും ഗ്രന്ഥകാരനെയും പരിചയപ്പെടുത്തുന്നു<br><br>ക്ലബ്ബ് രൂപീകരണം | ജൂൺ | ലൈബ്രറി ഗ്രന്ഥങ്ങൾ | | ഗ്രൂപ്പ് തല പ്രവർത്തനങ്ങൾ |

| | | | | | |
|---|---|---|---|---|---|
| ദിനാചരണം<br>സ്കൂൾതലം<br>സബ് ജില്ലാതലം | ശ്രാവണപൂർണ്ണിമാ പ്രഭാഷണം<br>ഗാന അലാപനം<br>പദ്യോചാരണം ഗദ്യ പാരായണം<br>തുടങ്ങിയവ | ആഗസ്റ്റ് | സംസ്കൃത ഗാനങ്ങൾ<br>സംസ്കൃത പ്രഭാഷണങ്ങൾ പദ്യോചാരണങ്ങൾ | | ഒഴിവുസമയങ്ങളിൽ പരിശീലനം |
| മൂല്യനിർണയം | UP & HS ക്ലാസുകളിൽ മൂല്യനിർണയത്തിനായി ഒരുക്കുന്ന | സെപ്റ്റംബർ | മാതൃക ചോദ്യപേപ്പറുകൾ, | സംസ്കൃത ക്ലബ് | പുനരവലോകനം |
| സാഹിത്യാഭി രുചി വളർത്തുന്ന | കഥാകവിത ഉപന്യാസം എന്നിവക്കുള്ള പരിശീലനം<br>മാഗസിനിർമ്മാണം | സെപ്റ്റംബർ<br>ഒക്ടോബർ | കഥാ പുസ്തകങ്ങൾ<br>കവിത പുസ്തകങ്ങൾ<br>സമസ്യപൂരണ എന്നിവയെ പരിചയപ്പെടുത്തുന്ന | | പ്രത്യേക പരിശീലനം കൊടുക്കുന്ന |
| സംസ്കൃതോ | മത്സരയിനങ്ങളിൽ | | | | |

| | | | | | |
|---|---|---|---|---|---|
| ത്സവം<br>സ്കൂൾ തലം<br><br>സബ്ജില്ലാ<br>മത്സരങ്ങൾ<br>ക്കായി<br>ഒരുങ്ങുന്നു<br><br>ഭാഷാ<br>പഠനം<br>കലാപരിച<br>യം<br><br>രചനകൾ<br><br>സംഭാഷ<br>ണ<br>ശിബിരം<br><br>പഠനയാത്ര | പങ്കെടുപ്പിക്കു<br>ന്നു<br><br>കുട്ടികൾക്ക്<br>താല്പര്യമുള്ള<br>കലകൾ<br>പരിചയപ്പെടു<br>ത്തി<br>പരിശീലനം<br>കൊടുക്കുന്നു<br><br>പോസ്റ്റർ<br>രചനകൾ<br><br>കുട്ടികളുടെ<br>ഭാഷാപ്രയോ<br>ഗം<br>മെച്ചപ്പെടുത്തു<br>ന്നതിന്<br><br>പാഠഭാഗവുമാ<br>യി<br>ബന്ധപ്പെട്ട<br>ഏതെങ്കിലും<br>ഒരു സ്ഥല<br>സന്ദർശനം<br><br>രാമായണ<br>പ്രശ്നോത്തരി | ഒക്ടോ<br>ബർ<br>നവംബർ<br><br>നവംബർ<br><br>ഡിസം<br>ബർ | ശിശുദിന<br>പോസ്റ്റർ | | സബ്<br>ജില്ലാ<br>മത്സര<br>ങ്ങൾക്ക<br>ായി<br>പ്രോത്സ<br>ാഹനം<br>പരിശീ<br>ലനം |

| | | | | | |
|---|---|---|---|---|---|
| മത്സര പരീക്ഷകൾക്ക് ഉള്ള പ്രത്യേക പ രിശീലനം | USS, സംസ്കൃത സ്കോളർഷിപ് , SSLC വിദ്യാർത്ഥികൾക്ക് പ്രി മോഡൽ, മോഡൽ, SSLC പരീക്ഷാപരിശീലനം | ജനുവരി മുതൽ മാർച്ച് | | | |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദിനാന്തരീക്ഷ സ്ഥിതിയും കാലാവസ്ഥയും കാലാവസ്ഥ മേഖലകളും കാലാവസ്ഥ മാറ്റവും ഭൂമിയുടെ ചലനങ്ങൾ ഭ്രമണവും പരിക്രമണവും | ജൂൺ 21 ഗ്രീഷ്മാ അയനാന്ത ദിനം ഡിജിറ്റൽ അവതരണം സന്ദേശം | ജൂൺ മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ലോകത്തിന്റെ നിറുകയിൽ വിശാല സമതലഭൂവിൽ ഭൗമ ചരിത്രമുറങ്ങുന്ന പീഠഭൂമി | അറ്റ്ലസ് നിർമ്മാണം<br><br>ക്ലാസ് മുറിയുടെചുവരിൽ ഇന്ത്യയുടെ ഭൂപടം തയ്യാറാക്കൽ | രണ്ടുവർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, മാനേജ്മെന്റ് | 50000 രൂപ<br><br>പിടിഎഫണ്ട് |
| ശിലായുഗത്തി | ഹിരോഷിമ ദിനാചരണം | ആഗസ്റ്റ് മാസം | സാമൂഹ്യശാസ്ത്ര | |

| | | | | |
|---|---|---|---|---|
| ൽ നിന്ന് മുന്നോട്ട്<br>ആശയങ്ങളും ആദ്യകാല രാഷ്ട്രങ്ങളും<br>മാനവികത<br>സ്വാതന്ത്ര്യം സമത്വം സാഹോദര്യം | സന്ദേശം<br>ആഗസ്റ്റ് 9<br>ക്വിറ്റിന്ത്യാ ദിനം<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനാഘോഷം - പതാക നിർമ്മാണ മത്സരം | | അധ്യാപകർ | |
| മഴക്കാടുകളിൽ നിന്നും മഞ്ഞുരുകാത്ത നാട്ടിലേക്ക്<br>മാനവ വിഭവശേഷി രാഷ്ട്ര പുരോഗതിക്കായി<br>വിഭവ വിനിയോഗവും സുസ്ഥിരതയും | സെപ്റ്റംബർ 16 - ഓസോൺ ദിനാചരണം<br>ഡിജിറ്റൽ അവതരണം<br><br>സെപ്റ്റംബർ 5 അധ്യാപക ദിന ആഘോഷം | സെപ്റ്റംബർ മാസം | സ്കൂൾ പ്രധാന അധ്യാപകൻ<br>ശാസ്ത്ര-സാമൂഹ്യശാസ്ത്ര ശാസ്ത്ര അധ്യാപകർ | പിടിഎ ഫണ്ട് |
| ഇന്ത്യൻ ഭരണഘടന അവകാശങ്ങളും കർത്തവ്യങ്ങളും<br>ഇന്ത്യൻ ഭരണഘടനയിലെ അധികാര വിന്യാസം | ഒക്ടോബർ 2 ഗാന്ധിജയന്തി, അഹിംസ ദിനം - പ്രസംഗമത്സരം<br><br>ഒക്ടോബർ 24 | ഒക്ടോബർ | ഗാന്ധിദർശൻ ക്ലബ്ബ്,<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ഐക്യരാഷ്ട്ര ദിനം - നോട്ടീസ് ബോർഡ് മത്സരം | | | |
| ഭൂമിദാനവും ഇന്ത്യൻ സമൂഹവും ഉപഭോക്താവ് അവകാശങ്ങളും സംരക്ഷണവും | നവംബർ 1 കേരളപ്പിറവി ദിനം- ക്വിസ് നവംബർ 26 ഭരണഘടനാ ദിനം സന്ദേശം നവംബർ 14 ശിശുദിനം: ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം<br><br>ചാച്ചാജിയുടെ ശിശുദിന സന്ദേശം | നവംബർ | മലയാളം വിഷയ അധ്യാപകർ,<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ ഫണ്ട് |
| സമുദ്ര തീരപ്രദേശങ്ങൾ | ഡിസംബർ 2 മാലിന്യ നിർമ്മാർജ്ജന ദിനം നോട്ടീസ് ബോർഡ് മത്സരം<br><br>ഡിസംബർ | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | 5<br>അന്തർദേശീയ മണ്ണ് ദിനം<br>പോസ്റ്റർ നിർമ്മാണം : മണ്ണ് സംരക്ഷണം | | | |
| മാധ്യമങ്ങളും സാമൂഹിക പ്രതിഫലനങ്ങളും<br>സാമൂഹിക വിശകലനം സമൂഹശാസ്ത്ര സങ്കൽപ്പത്തിലൂടെ<br><br>പൊതുജനാഭിപ്രായയം ജനാധിപത്യത്തിൽ | ജനവരി 26 റിപ്പബ്ലിക് ദിനം ദേശഭക്തിഗാന മത്സരം<br><br>ജനവരി 30 രക്തസാക്ഷിത്വ ദിനം<br>ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ രക്തസാക്ഷികളുടെ ഫോട്ടോ അനാച്ഛാദനം | ജനവരി | സ്വാതന്ത്ര്യ സമര സേനാനികളുടെ ഫോട്ടോ അനാച്ഛാദനം. മൂന്ന് വർഷം. | പിടിഎ,<br><br>സ്കൂൾ മാനേജ്മെന്റ് |
| പണവും സമ്പദ് വ്യവസ്ഥയും<br>സമ്പത്തും ലോകവും<br>അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ | ഫെബ്രുവരി 20 ലോക സാമൂഹ്യ നീതി ദിനം<br>ഉപന്യാസം മത്സരം | ഫെബ്രുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# ഹൈസ്കൂൾ ഫിസിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അത്ഭുത കണ്ണിലൂടെ: കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പി ക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടി കൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകു ന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യ ങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപകർ | പി ടി എ |
| . | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപകർ | |
| . | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപകർ | |
| 2) ശാസ്ത്ര ലോക | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ | അക്കാദമിക വർഷം | | പി.ടി.എ |

| | | | | |
|---|---|---|---|---|
| ത്തേക്ക്:<br>നിരന്തരമാ<br>യി<br>അന്വേഷ<br>ണം<br>നടത്തുകയും<br>ലഭിച്ച<br>വിവരങ്ങൾ<br>വിശകലനം<br>ചെയ്യാനുള്ള<br>ശേഷി<br>നേടുകയും<br>ചെയ്യുന്നു.<br>.<br><br>ശാസ്ത്രമേളക<br>ളിൽ പൂർണ്ണ<br>പങ്കാളിത്തം<br>ഉറപ്പുവരു<br>ത്തൽ | അവതരിപ്പിച്ച് മെച്ച<br>പ്പെട്ടത്<br>പൊതുവേദികളിൽ<br>അവതരിപ്പിക്കാനുള്ള<br>അവസരം നൽകുന്നു<br>(പഴയകാലത്തെ<br>ഓരോ<br>പ്രദേശങ്ങളിലെയും<br>അളക്കുന്നതിനും<br>രേഖപ്പെടുത്തുന്നതിനു<br>ള്ള യൂണിറ്റുകൾ,<br>റോഡ് അപകടങ്ങൾ<br>കുറയ്ക്കുന്നതിനുള്ള<br>മാർഗങ്ങൾ<br>തുടങ്ങിയവ)<br>വർഷത്തിൽ ഒരു<br>പ്രാവശ്യം കുട്ടികൾ<br>ഉണ്ടാക്കിയ വസ്തു<br>ക്കൾ പ്രദർശിപ്പിക്കാൻ<br>അവസരം നൽകുന്നു.<br>ശാസ്ത്ര<br>ശില്പശാലകൾ<br>സംഘടിപ്പിക്കുന്നു<br><br>മേളയിൽ പങ്കെടുക്കുന്ന<br>കുട്ടികൾക്ക് പരമാവധി<br>പ്രോത്സാഹനം<br>നൽകൽ | ജൂൺ -<br>ജൂലൈ<br><br>അക്കാദമി<br>ക വർഷം<br><br>അക്കാദമി<br>ക വർഷം<br><br>ഓഗസ്റ്റ്<br>സെപ്റ്റം<br>ബർ | ഫിസി<br>ക്സ്<br>അധ്യാ<br>പകർ<br><br>ഫിസി<br>ക്സ്<br>അധ്യാ<br>പകർ<br><br>സയൻ<br>സ്<br>അധ്യാ<br>പകർ<br><br>സയൻ<br>സ്<br>അധ്യാ<br>പകർ | സയൻസ്<br>ക്ലബ്ബ്<br><br>സയൻസ്<br>ക്ലബ്ബ്<br><br>സയൻസ്<br>ക്ലബ്ബ്<br><br>പി.ടി.എ,<br>മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| 3) ഹൈടെക് വേൾഡ്:<br><br>മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ശാസ്ത്രീയ പ്രാധാന്യമുള്ള വിവിധ ദിനാചരണങ്ങൾ പരിസ്ഥിതി ദിനം, ചാന്ദ്രദിനം ,സഹോദരൻ അയ്യപ്പൻ ജന്മദിനം, സി വി രാമൻ ദിനം, ഊർജ്ജ സംരക്ഷണദിനം ,ദേശീയ ശാസ്ത്ര ദിനം | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് | പി.ടി.എ, മാനേജ്മെന്റ്<br><br>പി.ടി.എ, |
| 4) ആയുർരേഖ:<br><br>പരിസ്ഥിതി സൗഹൃദ മനോ ഭാവം വളർത്തുക.<br><br>. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br><br>സയൻസ് ലാബ്, ആധുനിക വൽക്കരിക്കുന്നു<br><br>BMI കണ്ടെത്തൽ<br><br>തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ശലഭോദ്യാനം ഔഷധത്തോട്ടം പച്ചക്കറി തോട്ടം നിർമ്മിക്കൽ<br><br>സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | നവംബർ - ഡിസംബർ<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം 2 വർഷം<br><br>അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്<br><br>ഹരിത സേന സീഡ്<br><br>പി.ടി.എ | കൃഷി വകുപ്പ്, ഹരിത സേന സീഡ്<br><br>രക്ഷിതാക്കൾ<br><br>പി.ടി.എ, മാനേജ്മെന്റ്<br><br>മാനേജ്മെന്റ് |

| | | | | | |
|---|---|---|---|---|---|
| പുനരുപയ<br>ോഗ<br>ഊർജ്ജ<br>സ്രോതസ്സുക<br>ളുടെ<br>പ്രാധാന്യം<br>.<br><br><br><br><br>5)<br>വൈജ്ഞാ<br>നിക<br>ബഹിർസ്<br>ഫുരണം:<br><br>അന്വേഷ<br>ണ തൃഷ്ണ<br>വർദ്ധി<br>പ്പിക്കൽ,<br>നേരറിവ്<br>നേടൽ | സ്കൂളിൽ കെട്ടിടത്തിനു<br>മുകളിൽ സൗരോർജ<br>പാനൽ സ്ഥാപിക്കൽ<br><br><br><br>പുതുപുത്തൻ<br>സാങ്കേതിക വിദ്യയും<br>പുത്തൻ കണ്ടെത്ത<br>ലുകളും<br>പരിചയപ്പെടുന്നു<br><br>സംസ്ഥാന ദേശീയ<br>തലത്തിലുള്ള ക്വിസ്,<br>സെമിനാർ, പ്രോജക്ട്<br>മുതലായവയിൽ<br>പങ്കെടുക്കുന്നു<br><br>ശാസ്ത്രകാരന്മാരുമായി<br>സംവദിക്കൽ<br><br>വിജ്ഞാൻ സാഗർ,<br>കുസാറ്റ്<br>എന്നിവിടങ്ങളിലേക്കു<br>ള്ള ഫീൽഡ് ട്രിപ്പുകൾ | | ,<br>മാനേജ്<br>മെന്റ്<br><br><br><br><br>ലിറ്റിൽ<br>കൈറ്റ്<br>സ് ക്ലബ്ബ്<br>ഐടി<br>ക്ലബ്ബ്<br><br><br>സയൻ<br>സ് ക്ലബ്ബ്<br><br><br><br>സയൻ<br>സ് ക്ലബ്ബ് | |

# ഹൈസ്കൂൾ കെമിസ്ട്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അത്ഭുത കണ്ണിലൂടെ:<br><br>കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകു ന്നു.<br><br>ആറ്റത്തിന്റെ ഘടന, രാസബന്ധനം, എന്നിവയുമായി ബന്ധപ്പെട്ട മോഡലുകളുടെ നിർമ്മാണവും പ്രദർശനവും<br><br>ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം<br><br>ജൂൺ - ജൂലൈ<br><br>അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപകർ<br><br>കെമിസ്ട്രി അധ്യാപകർ<br><br>കെമിസ്ട്രി അധ്യാപകർ | പി ടി എ |
| 2) ശാസ്ത്ര ലോകത്തേക്ക്: നിരന്തരമായി | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് | | | |

| | | | | |
|---|---|---|---|---|
| അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു.<br>. | പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു (പോളിമറുകൾ നിത്യജീവിതത്തിൽ', എഥനോളിന്റെ ദുരുപയോഗവും സാമൂഹിക പ്രശ്നങ്ങളും തുടങ്ങിയവ)<br>ശാസ്ത്ര ശില്പ്പശാലകൾ സംഘടിപ്പിക്കുന്നു<br>രസതന്ത്ര വിഷയവുമായി ബന്ധപ്പെട്ട വിവിധ ദിനാചരണങ്ങൾ (ഓസോൺ ദിനം, മോൾ ദിനം, പ്ലാസ്റ്റിക് ബാഗ് വിരുദ്ധ ദിനം)<br><br>ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) ഹൈടെക് വേൾഡ്:<br><br>മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | സയൻസ് ലാബ് ആധുനിക വൽക്കരിക്കുന്നു<br><br>കൃഷിയിലെ രസതന്ത്രം ജൈവവളങ്ങൾ രാസവളങ്ങൾ എന്നിവയുടെ ഗുണങ്ങളും ദോഷങ്ങളും<br><br>സമ്പൂർണ്ണ പ്ലാസ്റ്റിക്ക് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 4)<br>ആയുർരേഖ:<br><br>പരിസ്ഥിതി<br>സൗഹൃദ<br>മനോ ഭാവം<br>വളർത്തുക.<br><br>.<br>.<br><br>5)<br>വൈജ്ഞാനിക<br>ബഹിർസ്ഫുരണം:<br><br>അന്വേഷണ | നിരോധിത ക്യാമ്പസ്<br><br>മരുന്നുകളുടെ രസതന്ത്രം<br>സെമിനാർ അവതരണം<br><br>ജലം വായു മണ്ണ്<br>ഇവയുടെ മലിനീകരണം<br>തടയാനുള്ള മാർഗങ്ങൾ<br>പരിപോഷിപ്പിക്കൽ<br><br>പുതുപുത്തൻ സാങ്കേതിക<br>വിദ്യയും പുത്തൻ<br>കണ്ടെത്ത ലുകളും<br>പരിചയപ്പെടുന്നു<br><br>സംസ്ഥാന ദേശീയ<br>തലത്തിലുള്ള ക്വിസ്,<br>സെമിനാർ, പ്രോജക്ട്<br>മുതലായവയിൽ<br>പങ്കെടുക്കുന്നു<br><br>ശാസ്ത്രകാരന്മാരുമായി<br>സംവദിക്കൽ<br><br>വിജ്ഞാൻ സാഗർ,<br>കുസാറ്റ്<br>എന്നിവിടങ്ങളിലേക്കുള്ള<br>ഫീൽഡ് ട്രിപ്പുകൾ | അക്കാദമിക<br>വർഷം<br><br>അക്കാദമിക<br>വർഷം | സയൻസ്<br>അധ്യാപകർ<br><br>ആരോഗ്യ<br>ക്ലബ്ബ്,<br>ഹരിത<br>സേന<br>സീഡ്<br><br>ലിറ്റിൽ<br>കൈറ്റ്സ്<br>ക്ലബ്ബ്<br><br>ഐടി<br>ക്ലബ്ബ്<br><br>സയൻസ്<br>ക്ലബ്ബ് | പി.ടി.എ,<br>മാനേജ്മെന്റ്<br><br>പി.ടി.എ,<br>മാനേജ്മെന്റ്<br><br>കൃഷി<br>വകുപ്പ്,<br>ഹരിത<br>സേന<br>സീഡ് |

| | | | | |
|---|---|---|---|---|
| തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | | | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |

# മേഖല- ഹൈസ്കൂൾ ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി ബോധവൽക്കരണം | പരിസ്ഥിതി ദിന ആചരണം- പരിസ്ഥിതി ക്വിസ്,ശലഭോദ്യാന ം ഉദ്ഘാടനം, പോസ്റ്റർ മത്സരം | ജൂൺ 5 | ഇക്കോ ക്ലബ്ബ് ബയോളജി വിഭാഗം | ഇക്കോ ക്ലബ്ബ് |
| ഭക്ഷ്യ സുരക്ഷാബോധ വൽക്കരണം | അടുക്കള തോട്ട നിർമ്മാണം അനുഭവം പങ്കുവെക്കൽ | ജൂലൈ | ഹെൽത്ത് ക്ലബ്ബ് ബയോളജി വിഭാഗം | പിടിഎ |
| ഗവേഷണ പാടവം വളർത്തൽ | വിദ്യാർത്ഥികൾക്ക് ശിൽപ്പശാല | ജൂലൈ 25 | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| ലാബ് ഉപയോഗ നൈപുണ്യങ്ങൾ | ലാബ് സുരക്ഷാ പരിശീലനം മൈക്രോസ്കോപ്പ് പരിചയം | ആഗസ്റ്റ് | ബയോളജി വിഭാഗം | സയൻസ് ക്ലബ്ബ് |
| പരിസ്ഥിതി പഠനാനുഭവം | ജലാശയം പാടശേഖരം ഫീൽഡ് സ്റ്റഡി | ആഗസ്റ്റ് അവസാനം | പരിസ്ഥിതി ക്ലബ്ബ് | ഇക്കോ ക്ലബ് |
| അറിവ് മികവ് പരീക്ഷിക്കൽ | സ്കൂൾ തല ബയോളജി ക്വിസ് | സെപ്റ്റംബർ | ബയോളജി വിഭാഗം | |

| | | | | |
|---|---|---|---|---|
| കരിയർ ബോധവൽക്കരണം | ജീവശാസ്ത്രത്തിൽ ജോലി അവസരങ്ങൾ പ്രഭാഷണം | ഒക്ടോബർ പകുതി | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| വ്യക്തി ശുചിത്വം ബോധവൽക്കരണം | കൗമാരം ശുചിത്വ ശീലങ്ങൾ | ഒക്ടോബർ അവസാനം | ഹെൽത്ത് ക്ലബ്ബ് | സ്കൂൾ അധ്യാപന ഫണ്ട് |
| വിദ്യാർത്ഥിപ്രതിഭ പ്രദർശനം | സയൻസ് മാഗസിൻ മത്സരം | നവംബർ | സയൻസ് വിഭാഗം | സയൻസ് ക്ലബ്ബ് |
| വന്യജീവി സംരക്ഷണം | വൈൽഡ് ലൈഫ് വീക്ക് ഡോക്യുമെന്ററി, ചർച്ച | നവംബർ പകുതി | ഇക്കോ ക്ലബ്ബ് ബയോളജി വിഭാഗം | ഇക്കോ ക്ലബ് |
| ജൈവവൈവിധ ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യജന്തു പട്ടിക തയ്യാറാക്കൽ | ജനുവരി ആദ്യത്തെ ആഴ്ച | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| പാഠഭാഗം പുനരാവർത്തനം | പിയർ ലേർണിംഗ്,ഗ്രൂപ്പ് റിവിഷൻ ക്ലാസുകൾ | ജനുവരി അവസാനത്തെ ആഴ്ച | ബയോളജി വിഭാഗം | സയൻസ് ക്ലബ്ബ് |
| പഠനഫലങ്ങൾ രേഖപ്പെടുത്തൽ | ജീവശാസ്ത്രം യങ് ഇന്നോവഷൻസ് കണ്ടെത്തൽ | ഫെബ്രുവരി | ബയോളജി വിഭാഗം | സയൻസ് ക്ലബ്ബ് |

# ഹൈസ്കൂൾ – ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയ ങ്ങൾ കൈവരിക്കൽ | ഗണിതത്തിലെ അടിസ്ഥാന ക്രിയകൾഅറിയാത്ത വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകുന്നു. | അടിസ്ഥാ ന ക്രിയാശേ ഷി നേടുന്നതുവ രെ | ഗണിതാധ ്യാപകർ, ഗണിതാഭി രുചിയുള്ള മിടുക്കരായ വിദ്യാർത്ഥ ികൾ | |
| ഗണിതത്തെ നിത്യജീവിത വുമായി ബന്ധപ്പെടു ത്തൽ | നിത്യ ജീവിതത്തിൽ ഗണിതാശയങ്ങൾ ഉപയോഗിക്കുന്ന ഒരു സന്ദർഭം ഓരോ വിദ്യാർത്ഥികളും കണ്ടെത്തി അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു . അവതരിപ്പിച്ച മികച്ച ആശയങ്ങൾ പുസ്തക രൂപത്തിലാകുന്നു | ജൂലൈ മുതൽ ഡിസംബർ വരെ | ഗണിതാധ ്യാപകർ | |
| ഗണിതരൂപ ങ്ങളും അവയുടെ പ്രത്യേകതക ളും | ഗണിതരൂപങ്ങളുടെ നിർമ്മാണം, ഒറിഗാമി ഉൾപ്പെടുത്തിയുള്ള വർഷോപ്പ് നടത്തുന്നു. | നവംബർ | ഗണിതാധ ്യാപകർ | പി.ടി.എ. |

| | | | | |
|---|---|---|---|---|
| പരിചയപ്പെടു ത്തൽ | | | | |
| ഗണിതാഭിരു ചി വളർത്തിയെടു ക്കൽ | ഗണിതാശയങ്ങൾ ഉൾപ്പെട്ട കുട്ടികളുടെ രചനകൾ ശേഖരിച്ച് ഗണിത മാഗസിൻ തയ്യാറാക്കൽ | ജൂലൈ - നവംബർ | ഗണിത ക്ലബ് വിദ്യാർത്ഥ ികൾ | |
| ഗണിത മത്സരങ്ങ ളിൽ ഊർജ്ജസ്വല ത കൈവരിക്കൽ | നമ്പർ ചാർട്ട് ജോമടിക്കൽചാർട്ട്, ഗണിത പസ്സിലുകൾ ,ഗെയിം ഗണിത ക്വിസ് അപ്ലൈഡ് കൺസ്ട്രക്ഷൻ, pure കൺസ്ട്രക്ഷൻ, സിംഗിൾ പ്രൊജക്ട്, ഗ്രൂപ്പ് പ്രൊജക്ട് തുടങ്ങിയവയിൽ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു | ആഗസ്റ്റ് - ഒക്ടോബർ | ഗണിതാധ ്യാപകർ | |
| പ്രശ്നപരിഹാര ശേഷി വർദ്ധിപ്പിക്കു ക പ്പിക്കുക | ടാൻഗ്രാം ഉപയോഗിച്ച് പ്രശ്നപരിഹാരം നടത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | ആഴ്ചയിൽ ഓരോ പ്രവർത്തന ങ്ങൾ | ഗണിതാധ ്യാപകർ | |
| ഗണിതാശയ ലഘൂകരണം | ഗണിത ലാബ് സജ്ജീകരിക്കൽ, ഗണിത പാർക്ക് നിർമ്മാണം | അവധിക്ക ാലം | പി.ടി.എ,ഗ ണിതാധ്യാ പകർ | 2 ലക്ഷം |

| | | | | |
|---|---|---|---|---|
| ഗണിതശാസ്ത്ര വളർച്ചാ ബോധവത്ക്കരണം | ഗണിത വിഷയവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ - പാസ്കൽ ദിനം, പൈദിനം, ദേശീയഗണിത ദിനം എന്നിവയുടെ ആചരണം ഗണിത ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ, ജീവചരിത്രം എന്നിവ അവതരിപ്പിക്കൽ | ജൂൺ - ജനുവരി | ഗണിതാധ്യാപകർ | |

# ICT മേഖല

| | | | | |
|---|---|---|---|---|
| ഐടി ലാബ് നവീകരണം | ഓരോ വിദ്യാർത്ഥിക്കും ഒരു ലാപ്ടോപ്പ് | മാർച്ച് ഏപ്രിൽ | അധ്യാപകർ | മാനേജ്മെൻറ് പിടിഎ |
| ഐടി പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടി | ഹൈസ്കൂളിനും യുപിക്കും വേറെ ലാബുകൾ | ഏപ്രിൽ മെയ് | അധ്യാപകർ | പിടിഎ മാനേജ്മെൻറ് |
| ഭാഗികമായ ഹൈടെക്ക്കായ യുപി ക്ലാസ് റൂമുകൾ സ്മാർട്ട് ആക്കാൻ | ഒരു ലാപ്പ് ഒരു പ്രൊജക്ടർ ഓരോ ക്ലാസിലും | മെയ് | അധ്യാപകർ | പൂർവ്വ വിദ്യാർത്ഥി സംഘടന |
| ഓരോ വിഷയവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങളുടെ ഐസിടി പ്രവർത്തനങ്ങളിൽ മികച്ച ആശയധാരണ കൈവരിക്കാൻ | IT മായി ബന്ധപ്പെട്ട സംശയനിവാരണങ്ങൾക്ക് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലന ക്യാമ്പ് | ജൂൺ | ഐടി അധ്യാപകർ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ | |
| ഐടിയുമായി ബന്ധപ്പെട്ട കൂടുതൽ പ്രവർത്തനങ്ങൾ | ഉപജില്ല ജില്ല സ്റ്റേറ്റ് IT മേളകൾ | ഓഗസ്റ്റ് | അധ്യാപകർ | മാനേജ്മെൻറ് പിടിഎ |
| പഠന വിഭവങ്ങൾ തയ്യാറാക്കുന്നത | ഐടി ശില്പശാല എക്സിബിഷൻ സംഘടിപ്പിക്കുന്നു | ഒക്ടോബർ | അധ്യാപകർ എൽകെ | പിടിഎ |

| | | | | |
|---|---|---|---|---|
| ിലൂടെ പഠന<br>പ്രവർത്തനങ്ങ<br>ൾ കൂടുതൽ<br>മെച്ചപ്പെട്ടതാക്ക<br>ാൻ | | | വിദ്യാർഥി<br>കൾ<br>ഐടി<br>വിദഗ്ധർ | |
| നൂതന<br>സാങ്കേതിക<br>വിദ്യകളെ<br>കുറിച്ച് മികച്ച<br>ധാരണ<br>കൈവരിക്കാൻ | റോബോട്ടിക്സ്<br>എന്നിവ കണ്ടു<br>പഠിക്കാനുള്ള<br>അവസരത്തിനായി<br>ഫീൽഡ് ട്രിപ്പ്<br>സംഘടിപ്പിക്കുക | നവംബർ | അധ്യാപ<br>കർ | രക്ഷിതാ<br>ക്കൾ |
| ഐടി<br>പ്രവർത്തനങ്ങ<br>ൾ കൂടുതൽ<br>മെച്ചപ്പെട്ടതാക്ക<br>ാൻ | Lk വിദ്യാർത്ഥികളുടെ<br>നേതൃത്വത്തിൽ ഐടി<br>മാഗസിൻ<br>തയ്യാറാക്കുന്നു | അക്കാദമിക<br>വർഷം | അധ്യാപ<br>കർ എൽ<br>കെ<br>വിദ്യാർഥി<br>കൾ | മാനേജ്<br>മെൻറ് |
| നൂതന<br>സാങ്കേതികവിദ<br>്യയുടെ<br>ദുരുപയോഗം<br>മനസ്സിലാക്കാൻ | സാങ്കേതികവിദ്യ<br>മെച്ചപ്പെടുന്ന ഒപ്പം<br>തന്നെ<br>പലവിധത്തിലും<br>ദുരുപയോഗങ്ങൾ<br>നടക്കുന്നു എന്ന്<br>മനസ്സിലാക്കാൻ<br>ക്ലാസുകൾ<br>സംഘടിപ്പിക്കുന്നു | അക്കാദമിക<br>വർഷം | സൈബർ<br>സെൽ | മാനേജ്<br>മെൻറ് |
| മത്സര<br>പരീക്ഷകൾക്കാ<br>യി<br>വിദ്യാർത്ഥിക<br>ളെ ഒരുക്കുന്നു | ഓരോ ക്ലാസിലെയും<br>ഐടി വിഷയങ്ങളിൽ<br>കൂടുതൽ മാർക്ക്<br>ലഭിക്കുന്നതിന്<br>വേണ്ടി പഴയകാല<br>ചോദ്യപേപ്പറുകൾ<br>വിദ്യാർഥികളെ<br>പഠിപ്പിച്ച കൊടുക്കുന്നു | ജനുവരി<br>ഫെബ്രുവരി | ഐടി<br>അധ്യാപ<br>കർ | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

**മേഖല :** ആരോഗ്യകായിക വിദ്യാഭ്യാസം

**ഉദ്ദേശം:** കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക.

:അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്വമാക്കുക

**ഉപമേഖല** :1 കായിക മേഖല

:2 ആരോഗ്യ മേഖല

**ആമുഖം**

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായിക ക്ഷമത അനുദിനം കുറഞ്ഞു വന്നു കൊണ്ടിരിക്കുകയാണ്. ശരിയായ ആരോഗ്യ കായിക അവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിതശൈലി, യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ പ്രവർത്തന മാന്ദ്യമുള്ളവരാക്കുന്നു. ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും, അനന്തരഫലമായുള്ള, അമിതമേദസ്സും, രോഗങ്ങളും ഒരു പ്രതിസന്ധി ആനുപാതികത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേതു രാജ്യത്തെക്കാളും ജനിതകമായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യ ക്കാർക്കാണെന്ന് അടുത്തകാലത്ത് നടന്ന പഠനത്തിൽ മനസ്സിലാക്കുന്നു. ഇന്ത്യയിൽ 35 നും

64 നും ഇടയ്ക്കുള്ള പ്രായത്തിൽ, ഹൃദ്രോഗത്തിലൂടെ ജീവിതം പൊലിഞ്ഞുപോയവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.

ലോകത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന"പ്രമേഹം" എന്ന മഹാമാരി ഭീഷണി ഉയരുന്നത് ഇന്ത്യയിലാണ്. 100 കോടിയിലധികം വരുന്ന ഇന്ത്യൻ ജനത, മധ്യവയസ്സിനു ശേഷം പിടിപെടുന്ന പ്രമേഹം(ടൈപ്പ്2) സാധ്യത വളരെ കൂടുതലാണ്. കാരണം കൂടുതൽ പാശ്ചാത്യവൽകൃതമായ ജീവിതശൈലിയിൽ, കൊഴുപ്പ് കൂടിയ ആഹാരം കഴിക്കുന്നതു കൊണ്ടും വ്യായാമത്തിന്റെ അഭാവം മൂലവുമാണ്.

ഇന്ത്യയിൽ പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു. രാജ്യത്ത് 10 കോടിയിലധികം രോഗികൾ എന്ന് സർവ്വേ ഫലം (ന്യൂഡൽഹി) ഇന്ത്യയിൽ പ്രമേഹരോഗികളുടെ എണ്ണം വൻതോതിൽ വർധിക്കുന്നതായി പഠനം. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്- ഇന്ത്യ ഡയബറ്റീസ് (ICMR-INDIAB) നടത്തിയ സർവ്വേയിൽ 10 കോടിയിലധികം ആളുകൾക്ക് ഇന്ത്യയിൽ പ്രമേഹമുള്ളതായി കണ്ടെത്തി. 13.6 കോടി ആളുകൾക്ക് പ്രീഡയബറ്റിക് ആണെന്നും, 31.5 കോടി ആളുകൾക്ക് ഉയർന്ന രക്ത സമ്മർദ്ദം ഉണ്ടെന്നും ഈ പഠനത്തിൽ പറയുന്നുണ്ട്. മെറ്റാബോളിക് നോൺകമ്മ്യൂണിക്കബിൾ ആയ അസുഖങ്ങളുടെ(NCD)വ്യാപനം സംബന്ധിച്ച് ഇത്തരത്തിലൊരു പഠനം നടത്തുന്നത് ആദ്യമാണ്.രാജ്യത്തെ തന്നെ ഏറ്റവും വലിയ സർവ്വേകളിൽ ഒന്നാണിത്. 25.4 കോടി ആളുകളിൽ പൊണ്ണത്തടി, 35.1 കോടി ആളുകളിൽ അടിവയറ്റിലെ പൊണ്ണത്തടി, 21.3 കോടി ആളുകൾക്ക് ഉയർന്നകൊളസ്ട്രോൾ(ഹൈപ്പർകൊളസ്ട്രോലീമിയ) 18.5 കോ ടി ആളുകൾക്ക് ഉയർന്ന LDL കൊളസ്ട്രോൾ അല്ലെങ്കിൽ ചീത്ത കൊളസ്ട്രോൾ ഉണ്ടെന്നും സർവ്വേയിൽ കണ്ടെത്തി.ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളം,

പുതുച്ചേരി, ഗോവ, സിക്കിം, പഞ്ചാബ് എന്നിവിടങ്ങളിൽ ഇത്തരം അസുഖങ്ങളുടെ വ്യാപനം കൂടുതലാണെന്ന് പഠനം പറയുന്നു.പ്രമേഹ രോഗികളെക്കാളധികം പ്രീഡയബറ്റിസ് ഉള്ളവർ രാജ്യത്ത് ഉണ്ടെന്നുള്ളതാണ് കൂടുതൽ ആശങ്കാജനകം. ഇതിനർത്ഥം വരും വർഷങ്ങളിൽ പ്രമേഹരോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്നാണ്. 2019 ൽ 7.4 കോടി പ്രമേഹരോഗികളായിരുന്നു രാജ്യത്തുണ്ടായിരുന്നത്. കഴിഞ്ഞ നാല് വർഷം കൊണ്ടാണ് ഇന്ത്യയിൽ ഇവരുടെ എണ്ണത്തിൽ വൻ കുതിച്ചു ചാട്ടമുണ്ടായത്.

2020 ഓടെ ഇന്ത്യയിൽ 35 - 40 ലക്ഷം പ്രമേഹരോഗികൾ ഉണ്ടാവും എന്ന് പറഞ്ഞാൽ ലോകത്തിലെ പ്രമേഹ രോഗികളിൽ ഓരോ അഞ്ചാമനും ഇന്ത്യക്കാരനായിരിക്കും. അതിലേക്ക് കേരളത്തിൽ നിന്നുമായിരിക്കും, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലെന്ന് ഡോക്ടേഴ്സ് അസോസിയേഷൻ കണ്ടെത്തിയിരിക്കുന്നു. 2008 നും 2020 നും ഇടയിൽ നടത്തിയ സർവ്വേയിൽ 113043 ആളുകൾ പങ്കെടുത്തു. ഇവരിൽ 33537 പേർ നഗരവാസികളും, 79506 പേർ ഗ്രാമവാസികളുമാണ്. ഇന്ത്യയുടെ വടക്കുഭാഗത്തും, തെക്കുഭാഗത്തുമാണ് ഏറ്റവും ഉയർന്ന പ്രമേഹകണക്കെന്നാണ് പഠനത്തിൽ കണ്ടെത്തിയത്. മദ്യഭാഗത്തും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും അസുഖവ്യാപനം കുറവാണെന്ന് പഠനത്തിൽ പറയുന്നത്. "ദി ലാൻസൈറ്റ് ഡയബറ്റിസ് ആൻഡ് എൻട്രോക്രൈനോളജി" എന്ന ജേണലിൽ വ്യാഴാഴ്ചയാണ് പ്രസ്തുത പഠനം പ്രസിദ്ധീകരിച്ചത്.

കേരളസംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെ കുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൻ്റെ തോത് വളരെ കുറവാണ്.

**ലക്ഷ്യം:-** കായികക്ഷമത കൈവരിക്കൽ, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ,

**പ്രവർത്തനം:-**

*സ്കേറ്റിങ്

*ആർച്ചെറി

*യോഗ

*സൈക്കിൾ

*അത്ലറ്റിക്സ് ആൻഡ് കിഡ്സ് അത്ലറ്റിക്സ്

*മേജർഗെയിം - ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ, ഹോക്കി

*മൈനർ ഗെയിംസ്

*എയ്റോബിക്സ്.

***മറ്റു ഗെയിമുകൾ**

സ്കേറ്റിങ് & ആർച്ചെറി: കുട്ടികൾക്ക്, ഒരു വർഷം ചുരുങ്ങിയത് 36 മണിക്കൂർ സ്കേറ്റിങ് & ആർച്ചെറി ചെയ്യാൻ നീക്കിവെക്കുന്നു. അത് ഉച്ചതിരിഞ്ഞാണ് ചെയ്യാൻ സമയം മാറ്റി വച്ചിരിക്കുന്നത്. സംഘടിപ്പിക്കുന്നതിനായി ഒരു ഇൻസ്പെക്ടർ പുറത്തുനിന്ന് വെക്കുന്നു.

യോഗ പരിശീലന കളരി സംഘടിപ്പിക്കുന്നതിനായി ഒരു ഇൻസ്പെക്ടർ പുറത്തുനിന്ന് 10 ദിവസത്തേക്ക് കാണുന്നു.

**യോഗ ഉപകരണങ്ങൾ**

| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെവില |
|---|---|---|---|---|
| 1 | യോഗ മാറ്റ് | 420 | 10 | 4200 |
| 2 | പരിശീലകൻ 10 ദിവസത്തേ ക്ക് (1000X10) | | | 10000 |
| **Total** | | | | **14200** |

സൈക്കിൾ:- ജൂലായ് മാസത്തിൽ യു.പി തലത്തിലെ മുഴവൻ കുട്ടികളിലും സൈക്കിൾ സവാരി അറിയുന്നവരുടെ സർവ്വേ നടത്തുന്നു.ജൂലായ് മൂന്നാം വാരത്തിനുശേഷം അറിയാത്തവരെ, അറിയുന്നവരുടെയും, അധ്യാപിക/ അധ്യാപകരുടെയും സഹായത്തോടെ സൈക്കിൾ സവാരി പഠിപ്പിക്കാൻ തുടങ്ങുന്നു. ഇതിനായി സ്കൂളിൽ സൈക്കിളിൽ വരുന്ന കുട്ടികളുടെ സൈക്കിളുകൾ ഉപയോഗിച്ച് പ്രവർത്തനം സുഗമമാക്കുന്നു. പുതുതായി 10 സൈക്കിൾവാങ്ങാൻ PTA യിൽ നിർദ്ദേശം വെക്കുന്നു.

| സൈക്കിൾ പഠനം | | | | |
|---|---|---|---|---|
| **ക്ര.നം** | **ഉപകരണങ്ങൾ** | **വില** | **എണ്ണം** | **ആകെവില** |
| 1 | സൈക്കിൾ | 8000 | 10 | 80000 |
| | | | | |
| **Total** | | | | **80000** |

**അത്‌ലറ്റിക്സ് & കിഡ്സ് അത്‌ലറ്റിക്സ്**

| **കിഡ്സ് അത്‌ലറ്റിക്സ് ഉപകരണങ്ങൾ** | | | | |
|---|---|---|---|---|
| **ക്ര.നം** | **ഉപകരണങ്ങൾ** | **വില** | **എണ്ണം** | **ആകെ വില** |
| 1 | മെഡിസിൻബോൾ 1 | 600 | 2 | 1200 |
| 2 | മെഡിസിൻബോൾ 2 | 650 | 2 | 1300 |
| 3 | മിനി ബാസ്കറ്റ് ബോൾ | 600 | 2 | 1200 |
| 4 | റോപ്പ് ലേഡർ (50cm സ്ക്വയർ) 5 മീറ്റർ | 650 | 1 | 650 |
| 5 | ത്രോബോൾ | 500 | 2 | 1000 |
| 6 | ഫ്ലൈയിംഗ് ഡിസ്ക് | 180 | 12 | 2160 |
| 7 | കോൺ | 70 | 20 | 1400 |
| 8 | സ്റ്റെപ്പ് ജംപ്പിംഗ് ബോക്സ് | 450 | 4 | 1800 |
| 9 | ഹഡിൽസ് 40cm 60cm | 400 | 5 | 2000 |
| 10 | സ്കിപ്പിംഗ് റോപ്പ് | 120 | 5 | 600 |
| 11 | ജാവലിൻ 400 ഗ്രാം,600 ഗ്രാം | 680 | 4 | 2720 |
| **Total** | | | | **16030** |

**മേജർ ഗെയിം**

ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ വിവിധഗെയിമുകൾ പരിശീലിപ്പിക്കുന്നു. പ്രധാനമയി ഫുട്ബോൾ, ബാസ്കറ്റ് ബോൾ, ഹോക്കി എന്നിവയാണ് തിരഞ്ഞെടുക്കുന്നത്.

**ഫുട്ബോൾ**

ഫുട്ബോളിന് ഒരു കോച്ചിന്റെ സഹായത്താൽ ഒരു വർഷക്കാലം നീണ്ട് നിൽക്കുന്ന പരിശീലനപദ്ധതി ആസൂത്രണം ചെയ്തു. ഇതിന്റെ ക്യാമ്പ് ഫ്രീയായും നടത്താൻ തീരുമാനിച്ചു.ജേഴ്സിക്കുള്ള ഫണ്ട്, പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും, എന്നാൽ കോച്ചിനുള്ള ഫീ പി.ടി.എ,യിൽ നിന്നും,മറ്റ്

സ്പോൺ സർമാരിൽ നിന്നും കണ്ടെത്തണം. ജൂൺ മാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങി പദ്ധതി നടപ്പാക്കാം.

| ഫുട്ബോൾ | | | | |
|---|---|---|---|---|
| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെവില |
| 1 | ഫുട്ബോൾ | 1000 | 20 | 20000 |
| 2 | ഫുട്ബോൾ പോസ്റ്റ് നെറ്റ് | 2000 | 2 | 4000 |
| Total | | | | 24000 |

| മേജർ ഗെയിം ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | ഹോക്കി ബോൾ | 80 | 50 | 4000 |
| 2 | ബാസ്കറ്റ് ബോൾ | 1000 | 5 | 5000 |
| 3 | വോളി ബോൾ | 600 | 4 | 2400 |
| 4 | വോളി ബോൾ നെറ്റ് | 1200 | 2 | 2400 |
| 5 | ഹോക്കി പോസ്റ്റ് നെറ്റ് | 2000 | 2 | 4000 |
| 6 | ഖോ-ഖോ പോസ്റ്റ് | 1000 | 2 | 2000 |
| Total | | | | **19800** |

**മൈനർ ഗെയിം**

വിവിധ മേജർ ഗെയിമിനോട് അനുബന്ധിച്ചുള്ള മൈനർഗെയിമും പാഠഭാഗത്തുള്ള മൈനർഗെയിമും കളിപ്പിക്കുന്നു. ജൂൺ,ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ സ്കൂളിന്റെ ഹാളിലും വരാന്തയിലും ഒഴിഞ്ഞ സ്ഥലങ്ങളിലും സംഗീതത്തിന്റെ സഹായത്തോടെയും, അല്ലാതെയും, താളാത്മകമായി നിശ്ചിത സമയങ്ങളിൽ ചെയ്യുന്നു .ഇതിനായി ഒരു ഇൻസ്ട്രക്ടറെ ചുമതലപ്പെടുത്തുന്നു.

| സാമ്പത്തിക അവലോകനം | | |
|---|---|---|
| ക്ര.ന ം | ഇനങ്ങൾ | വില |
| 1 | സൈക്കിൾ | 80000 |
| 2 | യോഗ | 14200 |
| 3 | ഫുട്ബോൾ | 24000 |
| 4 | കിഡ്സ് അത്ലറ്റിക്സ് ഉപകരണങ്ങൾ | 16030 |
| 5 | മേജർ ഗെയിം ഉപകരണങ്ങൾ | 19800 |
| | | |
| **Total** | | **154030** |

**ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു**

ഇന്നത്തെ പ്രശ്നം റോഡ് നിയമങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്.ലക്ഷ്യങ്ങൾ റോഡ് നിയമങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ്.റോഡ് അപകടങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് പ്രധാനമായും റോഡ് നിയമങ്ങൾ പാലിക്കാത്തതാണ് കാരണം. പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ റോഡ് നിയമങ്ങളെ കുറിച്ചുള്ള ധാരണ കുട്ടികളിൽ രൂപപ്പെടുത്താൻ കഴിയണം. വാഹനാപകടങ്ങൾ ഉണ്ടാകാനുള്ളകാരണങ്ങളെക്കുറിച്ച് കുട്ടികൾക്ക് പറയാൻ കഴിയണം. കാൽനടയായും, വാഹനങ്ങളിലും വിദ്യാലയത്തിലെത്തുന്ന കുട്ടികൾ തീർച്ചയായും, കാൽനടയാത്രക്കാരും വാഹനയാത്രക്കാരും ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അറിഞ്ഞിരിക്കണം. സീബ്രലൈൻ, അടയാളവിളക്കുകൾ, ട്രാഫിക് ചിഹ്നങ്ങൾ തുടങ്ങിയവ എന്തെന്ന് കുട്ടികൾ വ്യക്തമായി ബോധ്യപ്പെടുത്തണം. ചെറിയകളികളിലൂടെയും ചർച്ചകളിലൂടെയും

നിരീക്ഷണങ്ങളിലൂടെയും ഈ കാര്യങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ ശ്രമിക്കണം. സുരക്ഷിതയാത്രയ്ക്കായി ഒട്ടേറെ കാര്യങ്ങൾ താൻ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം.

**പ്രവർത്തനങ്ങൾ.**

വാർത്ത,കൊളാഷ് വിശകലനം.

സീബ്രാ ലൈൻ - ചിത്ര നിരീക്ഷണം.

ട്രാഫിക് വിളക്കുകൾ - വീഡിയോ പ്രദർശനം

ട്രാഫിക് വിളക്കുകൾ വരച്ച് നിറം നൽകൽ

അടയാള വിളക്കുകൾ ചർച്ച

വാഹനം ഓടിക്കാം, കളി തുടങ്ങിയവ

**മോണിറ്ററിംഗ്.**

ആരോഗ്യ കായിക വിദ്യാഭ്യാസത്തിൻ്റെ മാസ്റ്റർ പ്ലാനിൻ്റെ മോണിറ്ററിംഗ് കമ്മിറ്റിയായി HM ജനറൽ കൺവീനറായും,കായികാധ്യാപകൻ കൺവീനർ ഒരു പുരുഷഅധ്യാപകൻ രണ്ടു വനിത അധ്യാപികമാർ രണ്ടുപേരും ചേർന്ന് ഏഴ് അംഗ കമ്മിറ്റി രൂപീകരിക്കണം.

**മോണിറ്ററിംഗ് കമ്മിറ്റി**

ജനറൽ കൺവീനർ : ജെന്നി വർഗീസ് മാസ്റ്റർ (HM)

കൺവിനർ : എബനേസർ ജോസ് മാസ്റ്റർ (H&PET)

ജോയിന്റ് കൺവിനർ : ഫാ. അൽജോ സി എം ഐ

അംഗങ്ങൾ

1 ജോസ് മാർട്ടിൻ മാസ്റ്റർ .പി.ആർ

2 ഫാ ബിനോ ബാബു സി എം ഐ

3 ഷീബ പോൾ ടീച്ചർ

4 ഷാലി ടീച്ചർ കെ ടി

കലണ്ടർ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കാനും, മാസത്തിൽ ഒരു തവണയെങ്കിലും വിലയിരുത്താനും, ഓരോ പ്രവർത്തനത്തിൻ്റെയും ഹാജർ പരിശോധിച്ച് അംഗീകരിക്കുകയും വേണം.

## ഉപമേഖല : കല വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശിൽപ്പകല മികവിളുള്ളവർക്കു പരിശീലനം | കളിമൺ ശില്പകല പരിശീലിപ്പിക്കുന്നതിനു കുട്ടികൾക്ക് വിദഗ്ധരെ പങ്കെടുപ്പിച്ചു പരിശീലനംa നൽകൽ | വർഷത്തിൽ ഒരു ആഴ്ചയിൽ കുറയാതെയുള്ള ശില്പശാല | S R G | 10,000 |
| ചിത്രകലയിലെ മികവ് കണ്ടെത്തി കുട്ടികളിലെ കലാ അഭിരുചി വർദ്ധിപ്പിക്കൽ | ചേതന മീഡിയ കേളേജ്മായി സംയോചിപ്പിച്ചുകൊണ്ടു ഒരു ചിത്രരചന മത്സരം സംഘടിപ്പിക്കുക | ഒരു ദിവസത്തെ ശില്പശാല | Art Education Department | 3500 |
| ശബ്ദ മിശ്രണ മാധ്യമങ്ങളെ കുറിച്ച് അറിയുന്നതിന് വേണ്ടി | തൃശ്ശൂർ ചിയ്യാരം, ചേതന സ്റ്റുഡിയോയും മീഡിയ കോളേജ് ഉം സന്ദർശിച്ചു വിവിധ മാധ്യമങ്ങളെ കുറിച്ച് പഠനം നടത്തുക | ഒരു ദിവസം | Art Education Department | 5000 |

# കൗൺസിലിംഗ്

വിദ്യാർത്ഥികളുടെവ്യക്തിത്വത്തിന്റെ ശരിയായ വളർച്ചയ്ക്കും വികസനത്തിനും മാനസികവും ശാരീരികവും ആയ ആരോഗ്യം ഒരുപോലെ പ്രാധാന്യം അർഹിക്കുന്നു. നല്ലൊരു വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുവാൻ കൗൺസിലിംഗ് കൊണ്ട് ലക്ഷ്യമിടുന്നു. സൗമ്യവും നയപരവുമായ ഇടപെടലുകളിലൂടെയാണ് ഇത് സാധ്യമാകുന്നത്.

- വിദ്യാർത്ഥികളിൽ കണ്ടുവരുന്ന ആത്മവിശ്വാസക്കുറവ് പരീക്ഷ ഭയം ഉൽക്കണ്ഠ അനാവശ്യ നുണ പറയൽ പഠനത്തിൽ താല്പര്യം ഇല്ലായ്മ സ്കൂളിൽ പോകാൻ മടി പേടി വീട്ടിൽ നിന്നും ഒളിച്ചോടി പോകുക മറ്റുള്ളവരുമായി ഇടപെടാൻ പ്രയാസം ലജ്ജ പഠിച്ച കാര്യങ്ങൾ ഓർമ്മിക്കാൻ സാധിക്കുന്നില്ല ചീത്ത പ്രവർത്തികൾ ശ്രദ്ധക്കുറവ് മോഷണം ക്ലാസിൽ സംസാരം മാതാപിതാക്കൾ അധ്യാപകർ എന്നിവരോട് വെറുപ്പ് മദ്യം മയക്കുമരുന്ന് ലഹരി എന്നിവയോട് താൽപര്യം ശരിയായി പഠിച്ചാലും പരീക്ഷയെയും ചോദ്യങ്ങളെയും അഭിമുഖീകരിക്കാൻ പ്രയാസം ഇത്തരം പ്രശ്നങ്ങൾക്ക് സ്കൂൾ കൗൺസിലിംഗ് വഴി പരിഹാരം കാണാൻ സാധിക്കും.

**പ്രവർത്തനങ്ങൾ**

- Mental health status examination
- case study
- individual counselling
- group counselling
- counselling corner

**കൗൺസിലിംഗ് കോർണർ**

വായുവും വെളിച്ചവും ചുമരിൽ ചിത്രങ്ങളാൽ അലങ്കരിക്കപ്പെട്ട നല്ല മാനസികാവസ്ഥ ഉണ്ടാകുന്ന വിധത്തിൽ ഒരു മുറി വിദ്യാലയത്തിൽ സജ്ജമാക്കണം.

**ചുമതല**

ക്ലാസ് ടീച്ചർ

വിഷയാ അധ്യാപകർ

അമ്മ

ഹെഡ്മാസ്റ്റർ

പിടിഎ അംഗങ്ങൾ

സ്കൂൾ മാനേജ്മെൻറ് പ്രതിനിധി

പൂർവ്വ വിദ്യാർത്ഥി സംഘടന വിദ്യാലയ വികസന സമിതി അംഗങ്ങൾ

ഡിവിഷൻ കൗൺസിലർ.

അധ്യാപകർ മാതാപിതാക്കൾ എന്നിവർ ഓരോ കുട്ടികളെയും ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് അവരെ പ്രത്യേകം നിരീക്ഷിക്കുകയും പഠിക്കുകയും അവരെ തിരിച്ചറിയുകയും വേണം. അത്തരത്തിലുള്ള കുട്ടികളെയാണ് കൗൺസിലിങ്ങിന് വിധേയമാക്കേണ്ടത്. വിദ്യാലയത്തിൽനിന്നും സേവനം നൽകണം .ചുറ്റുപാടിൽ നിന്നുകൊണ്ട് പരിഹരിക്കാൻ ശ്രമിക്കണം. അവരുടെ സുഹൃത്തായി ഒപ്പം നിന്ന് കാര്യങ്ങൾ പഠിക്കുകയും മാനസിക ആരോഗ്യം നൽകുന്ന തരത്തിലുള്ള സമീപനം നടത്തുകയും വേണം. തുറന്ന ക്ലാസ് മുറികൾ കൗൺസിലിംഗ് ചെയ്യരുത് അത് കൂടുതൽ വിദ്യാർഥി മുറിപ്പെടാൻ സാധ്യതയുണ്ട് .മുന്നിലേക്ക് എത്താൻ പിന്നോക്കക്കാരായ വിദ്യാർഥികൾക്ക് അധ്യാപകരായ കൗൺസിലർമാരുടെ കൈത്താങ്ങ് ഉണ്ടാകണം. വിശ്വസനീയമായ ഒരു മുഖത്തിനു മുൻപിൽ കുട്ടി എല്ലാം തുറന്നു പറയും എന്നാണല്ലോ. ഒരു പുഞ്ചിരി മതി, ഒരു തലോടൽ മതി, വിദ്യാർത്ഥിയുടെ സ്വഭാവം മാറ്റിമറിക്കും. അവരുടെ വ്യക്തിത്വത്തിന് കോട്ടം വരാത്ത രീതിയിൽ നയപരമായി ഇടപെട്ടുകൊണ്ട് മാനസിക ആരോഗ്യത്തെ പരിപോഷിപ്പിക്കുന്ന ശാസ്ത്രീയമായ കലയാണ് കൗൺസിലിംഗ് .കൗൺസിലർ ഒരു സഹായി കൂടിയാണ്. യഥാർത്ഥ പരിഹാരത്തിലേക്ക് നയിക്കുന്ന ഇടപെടലുകൾ നടത്തി നല്ലൊരു വ്യക്തിത്വത്തിന്റെ ഉടമകളായി വിദ്യാർത്ഥി സമൂഹത്തെ മാറ്റിയെടുക്കാം.

## യു പി മലയാളം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാ പ്രാവീണ്യം നേടൽ. ആശയസംവേദനം നടത്താനും പദസമ്പത്ത് നേടാനും പഠിതാക്കളെ പ്രാപ്തരാക്കുക | അവധിക്കാല അനുഭവങ്ങൾ : പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പു) അവതരിപ്പിക്കുന്നു | ജ്ജൂൺ മാസം | മലയാളം അധ്യാപകർ | മലയാളം ക്ലബ് |
| | | ഭാഷാകേളി അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജ്ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ | മലയാളം ക്ലബ് |
| | | പഠനക്കളരി മലയാള ഭാഷയിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ 5,6,7 ക്ലാസ്സുകളിൽ നിന്നും | ജ്ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ | മലയാളം ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | കണ്ടെത്തി ഒഴിവു സമയങ്ങളിൽ മലയാളം പരിശീലിപ്പിക്കുന്നു. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളേയും ഇതിൽ ഉൾപ്പെടുത്തുന്നു | | | |
| 2 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തൽ | വാർത്താ വായന പ്രതങ്ങളിൽ വരുന്ന വാർത്തകൾ വായിക്കുന്നതിന് സ്കൂൾതലത്തിലും ക്ലാസ്സ്തലത്തിലും കുട്ടികൾക്ക് അവസരം നല്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | മലയാള ം ക്ലബ് |
| 3 | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ കണ്ടെത്താനും അവയെക്കുറിച്ചുള്ള അവബോധം വളർത്തുവാനും അതുമായി ബന്ധപ്പെട്ട വിഷയത്തേക്കുറിച്ച് കൂടുതലായി അറിയാനും പഠിക്കാനും പ്രചോദനം നല്കുന്നു. | ദിനാചരണങ്ങൾ ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ | മലയാള ം ക്ലബ് |
| 4 | സാഹിത്യകൃതികളോടും | സംവാദം /അഭിമുഖം സാഹിത്യകാരന്മാർ | വർഷത്തി | ഹെഡ്മാസ്റ്റർ | P T A |

| | | | | | |
|---|---|---|---|---|---|
| | സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | എഴുത്തുകാർ, കലകാരന്മാർ എന്നിവരുമായുള്ള അഭിമുഖങ്ങളും സംവാദങ്ങളും വർഷത്തിൽ രണ്ട് പ്രാവശ്യം സംഘടിപ്പിക്കുന്നു. | ൽ 2 പ്രാവശ്യം | / മലയാള അധ്യാപകർ P.T.A | |
| 5 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നു | ഭാഷാവികസനവുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ അവതരിപ്പിക്കുന്നതിന് അവസരങ്ങൾ നല്കുന്നു. ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്കും ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികൾക്കും പ്രത്യേക പരിഗണന നല്കുന്നു. | അക്കാദമിക് വർഷം | മലയാള അധ്യാപകർ | P T A |
| | | രചനാശില്പ്പശാലയുമായി ബന്ധപ്പെട്ട് രൂപപ്പെടുന്ന ഉല്പന്നങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് അവ്സരങ്ങൾ നല്കുകയും ക്ലാസ്സ് തലത്തിൽ മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു. | അക്കാദമിക് വർഷം | IT അധ്യാപകർ, മലയാള അധ്യാപകർ | PTA |
| | | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | ആഴ്ചയിൽ ഒരു തവണ | മലയാള ക്ലബ് | മലയാളം ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | സ്കൂളിലെ അലോ എഫ്. എം. റേഡിയോ വഴി കുട്ടികളുടെ മികവ് പ്രകടിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. | ആഴ്ചയിൽ ഒരു തവണ | മലയാള ക്ലബ് | മലയാള ക്ലബ് |
| 6 | മലയാളം കമ്പ്യൂട്ടിങ് പരിജ്ഞാനം നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും | ഇ കമ്പ്യൂട്ടിങ് മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിങ് പരിശീലിപ്പിക്കുന്നു | രണ്ട് വർഷം | IT അധ്യാപകർ | PTA |

# യു പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷ അടിസ്ഥാന ശേഷികൾ വർദ്ധിപ്പിക്കുക (Listening, Speaking, Reading,Writing) *Listening and Speaking* | കഥാകഥനത്തിലൂടെ ആ കഥയിലെ വ്യക്തികൾ,സാഹചര്യങ്ങൾ,ആശയം എന്നിവ ഉൾപ്പെടുത്തി ഒരു ഇന്റർ ആക്ടീവ് സെഷൻ നടത്തുക. Speaking skill enhance ചെയ്യുന്നതിനുവേണ്ടി ഗ്രൂപ്പുകളായി തിരിഞ്ഞു നാടക രൂപത്തിൽ കഥ അവതരിപ്പിക്കുക. Vocabulary games ഉൾപ്പെടുത്തി വാചകങ്ങൾ രൂപീകരിക്കുക. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| വായനശേഷി ശ്രവണശേഷി | **Interactive Reading Corner** കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് അവരുടെ | | | ഇംഗ്ലീഷ് ക്ലബ്ബ്, പിടിഎ |

| | | | | |
|---|---|---|---|---|
| എന്നിവ വികസിപ്പിച്ചെടുക്കുക. | പ്രായത്തിന് അനുയോജ്യമായ കഥാപുസ്തകങ്ങൾ കവിതകൾ നോവലിലെ ചില ഭാഗങ്ങൾ എന്നിവ നൽകുക.<br><br>ഓരോ ഗ്രൂപ്പിലെയും കുട്ടികൾ അവർക്ക് നൽകിയ പുസ്തകത്തെ പറ്റി ഒരുമിച്ച് ചർച്ച ചെയ്ത് അവയിലെ കഥാപാത്രങ്ങളെ പറ്റിയും പ്രധാന ആശയങ്ങളെ പറ്റിയും പങ്കുവെക്കുന്നു. അവർക്ക് നൽകിയ പുസ്തകങ്ങളെ പറ്റി ഓരോ കുട്ടികളെ കൊണ്ടും വ്യാഖ്യാനിപ്പിച്ച് അവരുടെ ആശയങ്ങൾ മറ്റു കുട്ടികളുമായി പങ്കുവെച്ച് നല്ല ആശയങ്ങൾ ടീച്ചറുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്യുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ,ക്ലാസ് ഇൻ ചാർജ്<br><br>ഇംഗ്ലീഷ് അധ്യാപകർ | പിടിഎ |

| | | | | |
|---|---|---|---|---|
| | ചർച്ചയ്ക്ക് ശേഷം ഓരോ ഗ്രൂപ്പുകളും തങ്ങൾക്ക് ലഭിച്ച പുസ്തകത്തെപ്പറ്റി ഒരു Summery പറയുന്നു.<br><br>Comprehension Questions നൽകി guided reading നടത്തുന്നു.<br><br>Speaking Practice ൻറെ ഭാഗമായി ഡിബേറ്റും പ്രസന്റേഷനും നടത്തുന്നു.<br>Context clues നൽകി vocabulary expand ചെയ്യുന്നു.<br><br>Sentence structure improve ചെയ്യുന്നു.<br><br>Descriptive | | | |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ Writing skill വർദ്ധിപ്പിക്കുന്നതിന് വേണ്ടി Grammatical concepts ആയ Parts of speech, Tenses,Sentence structure എന്നിവ introduce ചെയ്യുന്നു. | paragraph,short stories,short poems എന്നിവ സ്വന്തമായി എഴുതാനുള്ള കഴിവ് കുട്ടികൾക്ക് നൽകുന്നു.<br><br>കുട്ടികളിൽ ക്രിട്ടിക്കൽ തിങ്കിംഗ് foster ചെയ്യാൻ റിസർച്ചുകളും അസൈൻമെന്റുകളും നൽകുന്നു.<br><br>Paragraph, essay എന്നിവ എങ്ങനെ തെറ്റ് കൂടാതെ എഴുതണം എന്ന് കുട്ടികൾ മനസ്സിലാക്കുന്നു.<br><br>ICT സഹായത്തോടെ മഹത് വ്യക്തികളുടെ പ്രസംഗങ്ങൾ കേൾപ്പിക്കുന്നു. തുടർന്ന് | ആഗസ്റ്റ് സെപ്റ്റംബർ<br><br>ഒക്ടോബർ നവംബർ ഡിസം | | |

| | | | | |
|---|---|---|---|---|
| Sentence structure, punctuation, grammar എന്നിവയ്ക്ക് കൂടുതൽ വന്നാൽ നൽകുന്നു.<br><br>വായനയിലൂടെയും ഇന്ററാക്ടീവ് ആക്ടിവിറ്റീസിലൂടെയും vocabulary expand ചെയ്യുന്നു | സ്വന്തമായി പ്രസംഗം എഴുതാനും പറയാനും കുട്ടികൾ പ്രാപ്തരാകുന്നു.<br><br>Interactive grammar games നൽകുന്നു. ഉദാഹരണങ്ങളോടുകൂടിയ ഗ്രാമർ ക്ലാസ്സുകൾ നൽകുന്നു. അവ പരിശീലിപ്പിക്കുന്നു.<br><br>Parts of Speech,punctuation, Sentence type എന്നിവ ഉൾപ്പെടുത്തി work sheets നൽകുന്നു.<br><br>കുട്ടികളുടെ സ്വന്തമായ രചനകൾ സ്കൂൾ വിക്കിയിൽ അപ്‌ലോഡ് | ബർ<br><br>ജനുവരി, ഫെബ്രുവരി | | |

| | | | | |
|---|---|---|---|---|
| Narrative, descriptive, persuasive എന്നിങ്ങനെ പല എഴുത്തുരൂപങ്ങൾ പരിചയപ്പെടുന്നു. കുട്ടികലാകാരന്മാർക്ക് അവസരം നൽകുന്നു. | ചെയ്യുന്നു. | മാർച്ച് മാസത്തിലൊരിക്കൽ. | | |

| യു പി ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1) യു പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ<br><br>2)വീട് ഒരു പരീക്ഷണശാല<br><br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | അക്ഷരം എഴുത്ത് അക്ഷരങ്ങൾ എഴുതിയ കാർഡുകൾ ,വ ാക്കുകൾഎഴുതിയ കാർഡ് ക്ലാസ്സിൽ അക്ഷരമാല പ്രദർശനം വാക്കുകൾ എഴുതിയ കാർഡുകൾ വാക്യങ്ങളുടെ നിർമ്മാണം ജൂലൈ31 പ്രേംചന്ദ്ദിനം<br><br>വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക CWSN കുട്ടികളുടെ | ജൂൺ മുതൽഓഗസ്റ്റ്<br><br>സെപ്റ്റംബർ, ഒക്ടോബർ<br><br>നവംബർ മുതൽ ഫെബ്രുവര ി | ഹിന്ദി അധ്യാപകർ<br><br>ഹിന്ദി അധ്യാപകർ<br><br>ഹിന്ദി അധ്യാപകർ | പിടിഎ, ഹിന്ദി ക്ലബ്ബ്<br><br>പിടിഎ<br><br>ഹിന്ദി ക്ലബ്<br><br>ബിആർ |

| | | | | |
|---|---|---|---|---|
| 3)ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മ രചന വികസിപ്പിക്കാനുള്ള അവസരം<br><br>സുരീലിഹിന്ദി | പങ്കാളിത്തം<br><br>ഹിന്ദി ദിനം സെപ്റ്റംബർ 14<br><br>ഹിന്ദി അസംബ്ലി<br><br>ലൈബ്രറിയിൽ ഹിന്ദി പുസ്തകങ്ങൾ വായിക്കുക<br><br>ചിത്രം നോക്കികഥ വായിക്കുക<br><br>കവിത കൾഈണത്തിൽ പാടുക<br><br>ജനുവരി 10 വിശ്വ ഹിന്ദി ദിനം | | | സി |

| യുപി സാമൂഹ്യ ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചരണം മീറ്റ് ദി കാൻഡിഡേറ്റ് ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെൻറ് രൂപീകരണം തുടർന്ന് പാർലമെൻറ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | സോഷ്യൽ സയൻസ് അധ്യാപകർ സ്കൂൾ പാർലമെൻറ് ഭാരവാഹികൾ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവർ ആക്കി മാറ്റിയെടുക്കുക | വെർച്വൽ ഫീൽഡ് ട്രിപ്പ് ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാര ാക്കുന്നു | പ്രകൃതി താണ്ഡവം നേർക്കാഴ്ച ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ദമൺസ്റ്റേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| വിവര | ചിലന്തിവലയിൽ | അക്കാദമിക | സാമൂഹ്യ | |

| | | | | |
|---|---|---|---|---|
| വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | നിന്ന് കുതിച്ചുചാട്ടം സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെയും കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | വർഷം | ശാസ്ത്ര അധ്യാപകൻ | |
| സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | കാടെവിടെയും മക്കളെ ഫീൽഡ് ട്രിപ്പ് സർവ്വേ പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻറെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ കണ്ടൽക്കാടുകൾ കണ്ണീർ പടങ്ങൾ ജലാശയങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട്കണ്ണീർ പടങ്ങൾ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ജലാശയങ്ങൾ കാട്ടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | | | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പുതു ചക്രവാളത്തിലേക്ക് _ സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിൻറെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം സെമിനാർ പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് വീതം | എസ് ആർ ജി സോഷ്യൽ സയൻസ് ക്ലബ് | പിടിഎ |
| സാമൂഹ്യശാസ്ത്ര | അധിക വായനയ്ക്ക് | വർഷത്തിൽ | സോഷ്യൽ | |

| | | | | |
|---|---|---|---|---|
| പഠനം കാര്യക്ഷമമാക്കൽ | ഉപകരിക്കുന്ന പുസ്തകങ്ങൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കാൻ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം | ഒരുതവണ ആഴ്ചയിൽ ഒരു തവണ | സയൻസ് ടീച്ചേഴ്സ് | |

| മേഖല- യു.പി സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1) നിത്യജീവിത സാഹചര്യങ്ങ ളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും പ്രകൃതിയിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ആവാസം:**<br><br>ജൈവവൈവിധ്യ പാർക്ക്: ഔഷധത്തോട്ടം, പച്ചക്കറി തോട്ടം,ശലഭോദ്യാനം, ആമ്പൽ കുളം, കിളിക്കൂട്, ഇരിക്കുവാനുള്ള ബെഞ്ചുകൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br><br>ജൂലൈ 21 ചാന്ദ്രദിനം<br><br>ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് റോക്കറ്റിന്റെ മോഡൽ നിർമ്മാണം, ക്വിസ്<br><br>ജൂലൈ 28 ലോകപ്രകൃതി സംരക്ഷണ ദിനം<br><br>**പഠനയാത്ര:**<br><br>കേരള കാർഷിക സർവകലാശാല, ബൊട്ടാണിക്കൽ ഗാർഡൻ,വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം, കണ്ടൽക്കാട് | ജൂൺ - ആഗസ്റ്റ്<br><br>ഓഗസ്റ്റ്-സെപ്റ്റംബർ | ശാസ്ത്ര ധ്യാപകർ , സയൻസ്ക്ലബ്ബ്<br><br>ശാസ്ത്രാ ധ്യാപകർ , സയൻസ് ക്ലബ്ബ്,രക്ഷിത | പിടിഎ<br><br>സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| 2) ശാസ്ത്രീയ പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ, തണ്ണീർത്തടങ്ങൾ എന്നിങ്ങനെയുള്ള സ്ഥലങ്ങളിലേക്ക് സന്ദർശനം.<br><br>സെപ്റ്റംബർ 29 ലോക ഹൃദയ ദിനം-ഹൃദയാരോഗ്യം എന്ന വിഷയവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്<br><br>**സയൻസ് കിറ്റ്:**<br><br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോ ഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. സയൻസ് കിറ്റ് ഹോം ലാബ് എന്നിവ കുട്ടികളിൽ പ്രാവർത്തികമാകുന്നു<br><br>**ഹോം ലാബ്:**<br><br>ശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽവിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്നു.മൈക്രോസ്കോപ്പിന്റെ ഉപയോഗം, മറ്റു | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>സെപ്റ്റം | ാക്കൾ<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്രാധ്യാപകർ, | ശാസ്ത്ര അധ്യാപകർ<br><br>സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | ഉപകരണങ്ങളുടെ ഉപയോഗം എന്നിവ പഠിപ്പിക്കുന്നു | ബർ- ഒക്ടോബർ | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **എക്സിബിഷൻ:**<br>ആധുനിക ശാസ്ത്ര ലോകത്തിൻ്റെ വിവിധ കണ്ടെത്തലു കൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ്, അധ്യാപകർ |
| | **ശാസ്ത്ര വിസ്മയം:**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നോട്ടീസ് ബോർഡ് ഒരുക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ , വിദ്യാർത്ഥികൾ | സയൻസ് ക്ലബ് , പിടിഎ |
| | **നേർക്കുനേർ:**<br>ശാസ്ത്രീയ മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി(ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാംശു ശുക്ല)അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവരിപ്പിക്കാനുള്ള അവ സരം നൽകുന്നു. ശാസ്ത്ര ശില്പാ ശാലകൾ സംഘടിപ്പിക്കുന്നു. ഗവേഷണ കേന്ദ്രങ്ങളിലേക്കുള്ള പഠനയാത്ര | ഡിസംബർ- ഫെബ്രുവരി | സയൻസ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| 3) ശാസ്ത്ര<br>രംഗത്തെ<br>നൂതന<br>ആശയങ്ങ<br>ൾ<br>ആധുനിക<br>ശാസ്ത്ര<br>സാങ്കേതി<br>ക വിദ<br>യുടെ<br>സാധ്യതക<br>ളുമായി | **ശാസ്ത്ര ലൈബ്രറി**<br><br>ശാസ്ത്ര വിഷയങ്ങളിൽ കൂടുതൽ അറിവുകൾ നേടുവാനും കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതി നായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി<br><br>നവംബർ 10 ലോക ശാസ്ത്ര ദിനം<br><br>ഡിസംബർ 1 ലോക എയ്ഡ്സ് ദിനം-എയ്ഡ്സ് ദിനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്<br><br>**ഹൈടെക് ശാസ്ത്രം**<br><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്ര ങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം.<br><br>**ലിറ്റിൽ സൈന്റിസ്റ്റ്:**<br><br>ശാസ്ത്രാഭിമുഖ്യം ഉള്ള | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്<br><br>പിടിഎ |

| | | | | |
|---|---|---|---|---|
| ബന്ധപ്പെട്ടത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക<br><br>4)പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണ താല്പര്യം വർദ്ധിപ്പിക്കൽ | വിദ്യാർത്ഥികളെ പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. ഇതിനായി അവർക്ക് പ്രത്യേക അവസരങ്ങൾ നൽകുന്നു | | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് , രക്ഷിതാക്കൾ |

# മേഖല- യു.പി ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കളു ം ഉറപ്പുവരുത്തുന്നു | 1.വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br><br>2. കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിത ആശയങ്ങൾ ഉറപ്പിക്കൽ | ജൂൺ | ഗണിത അധ്യാപകർ | |
| ഗണിത പഠന പ്രവർത്തനങ്ങൾ - ലളിതമാക്കൽ | ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിത ആശയങ്ങൾ ലളിതമായ അവതരിപ്പിക്കുകയും ചെയ്യുക | ജൂലൈ | ഗണിത അധ്യാപകർ ഗണിത ക്ലബ്ബ് അംഗങ്ങൾ | പിടിഎ |
| ഗണിത ചിന്തകൾ വളർത്തി | പാഠഭാഗവുമായി ബന്ധപ്പെട്ട ഉയർന്ന | ആഗസ്റ്റ് സെപ് | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| യെടുക്കുന്ന തിനും അവ ആഴത്തിൽ മനസ്സിലാ ക്കുന്നതിനും | നിലവാരമുള്ള ചോദ്യങ്ങളെ പരിചയപ്പെടുത്ത ൽ ,ഗണിത പ്രോജക്ടുകൾ തയ്യാറാക്കൽ,ഗ ണിതമേളയിലേ ക്കുള്ള തയ്യാറെടുപ്പുകൾ. | റ്റംബർ | അംഗങ്ങൾ. | |
| ഗണിത ക്ലിനിക്ക് | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്കായി അധ്യാപകരും ഗണിതത്തിലെ മികച്ച വിദ്യാർഥികളും നൽകുന്ന ഗണിത പരിശീലനം | ജൂൺ മുതൽ ഫെബ്രു വരി വരെ | ഗണിത അധ്യാപകർ,<br><br>ഗണിത ക്ലബ്ബ് അംഗങ്ങൾ. | |
| രസകരമാ യ ഗണിതശാ സ്ത്ര പഠനവും കരചലന ശേഷികളു ടെ വികാസവും | ഒറിഗാമി ശില്പശാല<br><br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷിക ൾ കൈവരിക്കുന്നതി നുള്ള പരിശീലനം നൽകൽ,വിവിധ രൂപങ്ങൾ | നവം ബർ<br><br>ജനവ രി | ഗണിത അധ്യാപകർ<br><br>ഗണിതശാസ്ത്ര ക്ലബ്ബ്, | |

| | | | | |
|---|---|---|---|---|
| ദേശീയ ഗണിതശാസ്ത്ര ദിനാചരണം | നിർമ്മിക്കൽ,അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ,<br><br>ഗണിത ശാസ്ത്രജ്ഞനായ ശ്രീ ശ്രീനിവാസ രാമാനുജനെ പരിചയപ്പെടുത്തുന്നതിനായി ക്വിസ് രാമാനുജൻ സംഖ്യാ പരിചയപ്പെടുത്തൽ, പ്രധാന ഗണിത സംഭാവനകൾ പരിചയപ്പെടുത്തുന്നു. | ഡിസംബർ | ഗണിത അധ്യാപകർ | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജാമിതീയ രൂപങ്ങൾ,ചതുഷ്ക്രിയകൾ,ടാൻഗ്രാം പ്രവർത്തനങ്ങൾ -ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ കഴിയുന്നു. | ഫെബ്രുവരി | ഗണിത അധ്യാപകർ<br><br>ഗണിതശാസ്ത്ര ക്ലബ്ബ് | |

**സർഗ്ഗശേഷി വികാസം**

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തിക സഹായം |
|---|---|---|
| • വിദ്യാർത്ഥികൾക്കുള്ള സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br>• വായനാഗ്രൂപ്പുകൾ രൂപീകരിക്കുന്നു. കുട്ടികൾക്ക് നോവൽ, നാടകം, നിരൂപണം, ചെറുകഥ, കവിത, തിരക്കഥ, ലേഖനങ്ങൾ എന്നിവ വായിക്കാൻ നൽകുന്നു. തുടർന്ന് രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. മികച്ച രചനകൾ കണ്ടെത്തി സമ്മാനങ്ങൾ നൽകുന്നു.<br>• സ്കൂൾ അസംബ്ലിയിൽ സാഹിത്യപരിചയം എന്ന പ്രവർത്തനം നടത്തുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ രചനകൾ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു.<br>• സർഗ്ഗവേളകളിൽ അവരുടെ നാടകങ്ങൾ | ജീന ടീച്ചർ<br>കവിത ടീച്ചർ<br>ജീന ടീച്ചർ | പി ടി എ |

| | | |
|---|---|---|
| അവതരിപ്പിക്കുന്നതിനെ അവസരം നൽകുന്നു. മികച്ച സാഹിത്യകാരന്മാർ മാതാപിതാക്കളിൽ ഉണ്ടെങ്കിൽ അവരെ വിദ്യാലയത്തിലേക്ക് ക്ഷണിച്ചു അവരുടെ സാഹിത്യകൃതികൾ പരിചയപ്പെടുത്താൻ അവസരം നൽകുന്നു.<br>• സാഹിത്യ രചനാ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു.<br>• സാഹിത്യ അക്കാദമി സന്ദർശിച്ച് അവിടത്തെ നേതൃനിരയിലുള്ളവരുമായി സംവദിക്കാൻ അവസരം ഒരുക്കുന്നു. | | |

# സാങ്കേതിക പരിജ്ഞാനം

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തിക സഹായം |
|---|---|---|
| പഠനത്തോടൊപ്പം പാഠ്യേതരവിഷയങ്ങളിലും സാങ്കേതികവിദ്യയുടെ മേഖലയിലും കുട്ടികളെ തെളിയിക്കാൻ പ്രാപ്തരാക്കേണ്ടതുണ്ട് .<br><br>രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെ പഠനത്തോടൊപ്പം കൈതൊഴിൽ എന്ന ആശയം, വിവിധ മേഖലകളിൽ, തൊഴിൽ മേഖലകളിലേക്ക് തിരിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ഇതിനായി ഇലക്ട്രിക്കൽ വയറിങ്, ഗാർഡനിങ് ,പച്ച ക്കറി തോട്ടം നിർമ്മാണം പരിപാലനം,ആട് കോഴി മീൻ എന്നിവ വളർത്തൽ പരിപാലനം, ഐടി സംബന്ധമായ പ്രവർത്തനങ്ങൾ, തയ്യൽ, എംബ്രോയിഡറി ,ഫാബ്രിക് പെയിൻറിംഗ്,കൈത്തൊഴിൽ ,ഹാൻഡി ക്രാഫ്റ്റ് കരകൗശല വസ്തുക്കൾ നിർമ്മാണം വിപണനം, കാർപെന്ററി, പാവ നിർമ്മാണം, ഭക്ഷ്യവസ്തുക്കൾ അച്ചാർ, ചോക്ക് നിർമ്മാണം, മെഴുകുതിരി ,ചന്ദനത്തിരി ഫയൽ തുടങ്ങി സമൂഹത്തിൽ നിന്നും ലഭ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന വിവിധതരം | സ്പെഷ്യലിസ്റ്റ് അധ്യാപകർ സ്പെഷ്യൽ കോച്ചിങ്ങിനായി പുറത്ത് നിന്ന് റിസോഴ്സ് പേഴ്സൺസിനെ ചുമതല നൽകണം | പിടിഎ മാതാപിതാക്കൾ സ്കൂൾ അഭ്യുദയകാംക്ഷികൾ പൂർവ്വ വിദ്യാർത്ഥികൾ പിടിഎഎന്നിവരുടെ സഹായം സ്വീകരിക്കാവുന്നതാണ് |

| | | |
|---|---|---|
| ഉൽപ്പന്നങ്ങൾ ഗുണനിലവാരത്തോടെ ഉണ്ടാക്കി സംരംഭകരാകാൻ ഉള്ള പരിശീലനം നൽകുന്നു. തൊഴിൽ സാധ്യതകൾ ഉള്ള മേഖലകൾ കണ്ടെത്തി താല്പര്യമുള്ള വിഷയങ്ങൾ മുൻകൂട്ടി കണ്ടു പഠിച്ച് വരുമാനം നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | | |

## ഭിന്നശേഷി വികസനം

ലക്ഷ്യം: ഭിന്നശേഷിക്കാരായ പിന്നാക്ക വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി വിദ്യാലയത്തിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക .

| പ്രവർത്തനങ്ങൾ | ചുമതലകൾ | സാമ്പത്തിക സഹായം |
|---|---|---|
| • പഠന വൈകല്യമുള്ള കുട്ടികളെ ക്ലാസ് അടിസ്ഥാനത്തിൽ തരംതിരിച്ച് കേട്ടെഴുത്ത്, മാതൃകാവായന തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്നു. | പേളി ടീച്ചർ | 10000 |
| • ഭാഷാ ക്ലബ്ബുകളുടെയും ഗണിത ക്ലബ്ബിന്റെയും ഐസിടി സാധ്യതകളുടെയും സഹായത്താൽ കുട്ടികളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് വികസിപ്പിക്കുന്നു. | ഷീബ ടീച്ചർ | |
| • നിരന്തരമായ മൂല്യനിർണയത്തിലൂടെ കുട്ടികളെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്നു. | റോസ് ടീച്ചർ | |
| • ഒരു ദിവസം ഒരു പ്രവർത്തനമങ്കിലും കുട്ടികൾ സ്വായത്തമാക്കാൻ ശ്രമിക്കുന്നു. | | |
| • കുട്ടികളുടെ സർഗാത്മക | റോസ് ടീച്ചർ | |

| | | |
|---|---|---|
| സൃഷ്ടികളും അക്കാദമിക മികവുകളും നോട്ടീസ് ബോർഡിൽ രേഖപ്പെടുത്തി കുട്ടികൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നു.<br>• ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ക്ലാസ് മുറിക്കകത്തും പുറത്തും പഠനസൗകര്യങ്ങൾക്കും പാഠ്യേതര പ്രവർത്തനങ്ങൾക്കും വേദിയൊരുക്കുന്നു.<br>• കുട്ടികൾക്കും മാതാപിതാക്കൾക്കും ഒറ്റയ്ക്കും കൂട്ടായുമുള്ള ഓറിയന്റേഷൻ ക്ലാസുകൾ നൽകുന്നു.<br>• അവർക്കുവേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകി കുട്ടികളെ മുൻനിരയിൽ എത്തിക്കാൻ ആവുംവിധം പരിശ്രമിക്കുന്നു. | പേളി ടീച്ചർ | |

# മോണിറ്ററിംഗ്

കൃത്യമായി നിരീക്ഷണവും വിലയിരുത്തലും ഈ വിദ്യാലയത്തിൽ നടത്തിവരുന്നു. നിരന്തരവും സമഗ്രവുമായ വിലയിരുത്തലിലൂടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തപ്പെടുന്നു. കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പഠന പ്രവർത്തനങ്ങൾ കുട്ടികൾക്ക് വിജ്ഞാനത്തോടൊപ്പം വിവിധ വീക്ഷണ കോണിലൂടെ ഒരു വിഷയത്തെ ദർശിക്കുന്നതിന് സഹായകമാകുന്നു. പാഠഭാഗങ്ങൾ പഠിപ്പിച്ചു തീരുന്നതിനനുസരിച്ച് ക്ലാസ്സ് ടെസ്റ്റും, മിഡ്-ടേം, പാദവാർഷിക , അർദ്ധവാർഷിക പരീക്ഷകളും നടത്തുന്നു. അത് വിലയിരുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകി അവരെ മറ്റുള്ളവരോടൊപ്പം ഉയർത്തിക്കൊണ്ടുവരാൻ ശ്രദ്ധിക്കുന്നു.

നല്ല ആരോഗ്യവും മൂല്യാധിഷ്ഠിത വീക്ഷണവും വളർത്തുന്നതിന് കായിക വിദ്യാഭ്യാസവും സന്മാർഗ ബോധനവും നൽകുന്നു. വിവിധ കായിക പരിശീലന പരിപാടികൾ കുട്ടികൾക്ക് നൽകി വരുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനായി നൽകുന്ന സന്മാർഗ ക്ലാസുകൾ വിദ്യാർത്ഥികളെ ഉത്തമ പൗരന്മാരായി വാർത്തെടുക്കുന്നു. അതിന്റെ പരീക്ഷകളും നടത്തി സമ്മാനങ്ങൾ നൽകുന്നു. അനുഭവത്തിലൂടെ പഠിച്ചാൽ അത് ഉത്തമ ബോധ്യം നൽകും എന്നതിന്റെ അടിസ്ഥാനത്തിലാണ് വിവിധ മേളകൾ നടത്തുന്നത്. സാമൂഹ്യശാസ്ത്രം, ഗണിതശാസ്ത്രം, അടിസ്ഥാന ശാസ്ത്രം എന്നിവയോടൊപ്പം പ്രവൃത്തി പരിചയത്തിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഭാഷ പഠിക്കുന്നതോടൊപ്പം അത് പ്രയോഗിക്കുന്നതിന്റെ ഭാഗമായാണ് കഥ, കവിത, ഉപന്യാസം തുടങ്ങിയ രചനാ മത്സരങ്ങൾ നടത്തപ്പെടുന്നത്.

സർഗ്ഗാത്മക കഴിവുകളുള്ള കുട്ടികളെ കണ്ടെത്താനും അവരുടെ ജന്മവാസനകളെ പരിപോഷിപ്പിക്കാനും കഴിയുന്നു. കുട്ടികളിൽ അച്ചടക്കം നേതൃത്വബോധം ദീനാനുകമ്പ എന്നിവ വളർത്തിയെടുക്കാൻ എസ് പി സി, സ്കൗട്ട്, ഗൈഡ്സ്, ജൂനിയർ റെഡ് ക്രോസ് മുതലായവ പ്രവർത്തിക്കുന്നു. ഇതിലൂടെ ധൈര്യവും, നേതൃത്വപാടവവും, സംഘടന ശക്തിയും കുട്ടികൾ സ്വായത്തമാക്കുന്നു. യുവജനോത്സവ വേദികൾ കലാകാരന്മാരെ കണ്ടെത്തി അവരെ വിവിധ കലാ മത്സരങ്ങളിൽ പങ്കെടുപ്പിച്ച് താളലയ പദവിന്യാസത്തിലൂടെ നല്ല കലാകാരന്മാരായി തീരുവാൻ സഹായിക്കുന്നു.

ഇത്തരം പ്രവർത്തനങ്ങളിലൂടെ ഒരു വ്യക്തിയുടെ സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യമിട്ടുകൊണ്ട് അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും. ഒരു വ്യക്തിയിലുള്ള കഴിവുകൾ കണ്ടെത്തി വളർത്തുക, അത് കൃത്യമായി വിലയിരുത്തുക എന്നാൽ മാത്രമേ സമഗ്ര വളർച്ച സാധ്യമാകൂ. നിരീക്ഷണം, പരീക്ഷണങ്ങൾ, മറ്റു പ്രവർത്തനങ്ങൾ ഇതിലൂടെ കുട്ടികളെ നിരീക്ഷിച്ചു വിലയിരുത്തി പരിഹാര ബോധനം നൽകി അവരെ രൂപപ്പെടുത്തിയെടുക്കുന്നു.

## ഉപസംഹാരം

നാടിന്റെ, സമൂഹത്തിന്റെ സ്പന്ദനങ്ങളായി, പതിനായിരങ്ങളുടെ ആശയ അഭിലാഷങ്ങളായി, ഭാവിയിലെ മോഹന പ്രതീക്ഷകളായ കുഞ്ഞുമക്കളുടെ കുസൃതികളും പിണക്കങ്ങളും കണ്ട എൽത്തുരുത്ത് സെന്റ്. അലോഷ്യസ് ഹൈസ്കൂൾ ഇന്ന് നവതിയുടെ നിറവിലാണ്. 1933 ൽ സ്ഥാപിതമായ ഈ വിദ്യാലയം ജീവിതത്തിന്റെ നാനാതുറകളിലുള്ള പ്രഗൽഭരായ അനേകം വ്യക്തികളെ അറിവിന്റെ വെളിച്ചത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു.

വിദ്യാർത്ഥികളിൽ അറിവിനൊപ്പം സത്യം, ദയ, സഹാനുഭൂതി, നീതിബോധം, അച്ചടക്കം, ശുചിത്വം എന്നിവ വളർത്തിയെടുത്ത് സമൂഹനന്മയ്ക്കായി പ്രവർത്തിക്കുന്ന ഉത്തമ പൗരന്മാരെ സൃഷ്ടിക്കുകയാണ് വിദ്യാലയത്തിന്റെ ലക്ഷ്യം. എല്ലാവരെയും കോർത്തിണക്കി സമൂഹത്തിന് പ്രയോജനപ്രദമായ വിജ്ഞാനകേന്ദ്രമായി അന്താരാഷ്ട്ര നിലവാരത്തിലേക്ക് കുതിക്കുക എന്ന ലക്ഷ്യമാണ് നമുക്ക് മുന്നിലുള്ളത്.

മേൽപ്പറഞ്ഞ ലക്ഷ്യത്തിനായി അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, പൂർവ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ തുടങ്ങിയവരെല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിച്ചുവരുന്നു.

****************************

i